وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11 ലക്കം 46

ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600/-

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

സമാധാനം ദൈവസ്മരണയിൽ

اَلَّذِیۡنَ اٰمَنُوۡا وَتَطۡمَئِنُّ قُلُوۡبُہُمۡ بِذِکۡرِ اللّٰہِ اَلَا بِذِکۡرِ اللّٰہِ تَطۡمَئِنُّ الۡقُلُوۡبُ

(الرّعْد:29)

(അവരെത്ര) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാന പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ടു മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ. (13:29)



ഹദീസ് :

ഈമാന്റെ മാധുര്യം

عَنْ أَنَسٍ رَضِيَ اللّٰهُ عَنْهُ، عَنِ النَّبِيِّ ﷺ، قَالَ: ثَلَاثٌ مَنْ كُنَّ فِيهِ وَجَدَ حَلَاوَةَ الْإِيمَانِ، أَنْ يَكُونَ اللّٰهُ وَرَسُولُهُ أَحَبَّ إِلَيْهِ مِمَّا سِوَاهُمَا، وَأَنْ يُحِبَّ الْمَرْءَ لَا يُحِبُّهُ إِلَّا لِلّٰهِ، وَأَنْ يَكْرَهَ أَنْ يَعُودَ فِي الْكُفْرِ كَمَا يَكْرَهُ أَنْ يُقْذَفَ فِي النَّارِ

(صحيح البخاري، كتاب الإيمان، حديث: 16)

അനസ് (റ)യിൽ നിന്ന് നിവേദനം: നബി ﷺ അരുളിച്ചെയ്തു: മൂന്ന് ഗുണങ്ങൾ ഒരാളിൽ ഉണ്ടായാൽ അവൻ ഈമാനിന്റെ മാധുര്യം (ഹലാവത്തുൽ ഈമാൻ) അനുഭവിച്ചറിയും: അല്ലാഹുവും അവന്റെ റസൂലും ﷺ മറ്റെല്ലാറ്റിനേക്കാളും അവന് കൂടുതൽ പ്രിയപ്പെട്ടവരായിരിക്കണം. ഒരാളെ സ്നേഹിക്കുമ്പോൾ അത് അല്ലാഹുവിന്റെ പ്രീതി നേടുന്നതിനുവേണ്ടി മാത്രം ആയിരിക്കണം. കുഫ്റിലേക്ക് (അവിശ്വാസത്തിലേക്ക്) തിരിച്ചുപോകുന്നതിനെ, തീയിൽ എറിയപ്പെടുന്നതിനെ എത്രമാത്രം വെറുക്കുന്നുവോ അതുപോലെ തന്നെ വെറുക്കണം.

(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഈമാൻ, ഹദീസ് നമ്പർ 16)




ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു

നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീറുരുവിലേക്ക് ഓടിവരുവിൻ! ഇതു നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ടകൊട്ടിയാണ്, ഇതാ നിങ്ങളുടെ ദൈവം എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏതു ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ! നിങ്ങൾ ദൈവത്തിന്റേതായി മാറുമെങ്കിൽ ഓർത്തുകൊള്ളുവിൻ, നിശ്ചയമായും ദൈവം നിങ്ങളുടെതു തന്നെയായിരിക്കും! (കിശ്തീ നൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 21,22)

ഒരു വ്യക്തിയുടെ അസ്തിത്വം ഏറെ അനിവാര്യവും ഒഴിച്ചുകൂടാനാവാത്തതുമായി കണക്കാക്കപ്പെടുകയും, അതിന് പകരമായി മറ്റൊന്നിനെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയാതിരിക്കുകയും ചെയ്യുമ്പോൾ, ആ വ്യക്തി ആരാധ്യനായി (മഅ്ബൂദായി) മാറുന്നു. ഈ സ്ഥാനം അല്ലാഹു തആലായുടെ പരിശുദ്ധ സത്തയ്ക്കു മാത്രം അവകാശപ്പെട്ടതാണ്. കാരണം, അവന്റെ അസ്തിത്വത്തിന് പകരമായി മറ്റൊന്നുമില്ല. എന്നാൽ ഒരു മനുഷ്യനെക്കുറിച്ചോ മറ്റേതെങ്കിലും സൃഷ്ടിയെക്കുറിച്ചോ ഇപ്രകാരം പറയാൻ സാധിക്കുകയില്ല. (മൽഫൂസാത്ത്, വാള്യം 8, പേജ് 165, 1984ലെ പതിപ്പ്)



തഫ്സീർ: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)

ഉന്നത തലമുറയെ വാർത്തെടുക്കൽ

മനുഷ്യ സൃഷ്ടിപ്പിന്റെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിന്റെ സ്മരണയും അവന്റെ ദിക്റും തന്നെയാകുന്നു. അതുകൊണ്ട് ഒരാൾക്ക് അല്ലാഹുവിനെ കണ്ടെത്താൻ കഴിഞ്ഞാൽ പിന്നെ അവനിൽ യാതൊരു ആകുലതയോ അകതാരിൽ ദാഹമോ അവശേഷിക്കുകയില്ല. പകരം, അവന്റെ ഹൃദയത്തിൽ സമ്പൂർണ സമാധാനമാണ് നിറയുക.

ലൗകിക നേട്ടങ്ങൾ തേടി നടക്കുന്നവരുടെ അവസ്ഥ നോക്കുക. അവർ എത്രയധികം പുരോഗതി കൈവരിക്കുന്നുവോ അത്രയധികം അവരുടെ ആഗ്രഹങ്ങളും അശാന്തിയും വർധിച്ചുകൊണ്ടിരിക്കും. എന്നാൽ അല്ലാഹുവിലേക്ക് തിരിയുന്നവൻ, എത്രയധികം അവനിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നുവോ അത്രയധികം അവന്റെ ഹൃദയത്തിലെ ശാന്തിയും സംതൃപ്തിയും വർധിച്ചുകൊണ്ടിരിക്കും.

ഇത് തെളിയിക്കുന്നത് അല്ലാഹു തന്റെ സ്വരൂപത്തെ അന്വേഷിക്കുന്നതിനെ തന്നെയാണ് നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യമാക്കിയിരിക്കുന്നതെന്ന് ആണ്. ആ ലക്ഷ്യം പൂർത്തിയാകുമ്പോൾ മനുഷ്യന് യഥാർത്ഥ സംതൃപ്തി ലഭിക്കുന്നു.

രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും അവസ്ഥ നോക്കൂ. അവരുടെ സുരക്ഷയ്ക്കായി വലിയ സംവിധാനങ്ങൾ ഉണ്ടായിട്ടും അവർ നിരന്തരം ഭയത്തിലും ജാഗ്രതയിലും കഴിയുന്നു. ചില ഭരണാധികാരികൾക്ക് കുടിവെള്ളം പോലും പ്രത്യേകമായി സുരക്ഷിതമാക്കിയ ക്രമീകരണങ്ങളിലൂടെ എത്തിക്കും. ആദ്യം മറ്റുള്ളവരെ അത് കുടിപ്പിക്കും; അതിനുശേഷമാണ് രാജാവ് കുടിക്കുന്നത്.

അവരുടെ ഭക്ഷണത്തിന്റെ കാര്യവും അതുപോലെയാണ്. അനേകം മുൻകരുതലുകളോടെ അത് തയ്യാറാക്കപ്പെടുന്നു. ആദ്യം അത് പാചകം ചെയ്തവൻ തന്നെ രുചിച്ച് നോക്കും. പിന്നെ ഡോക്ടർ പരിശോധിക്കും. അതിനുശേഷമാണ് രാജാവിന്റെ മുമ്പിൽ കൊണ്ടുവരുന്നത്. അങ്ങനെ അവരുടെ ജീവിതത്തിൽ ഓരോ നിമിഷവും ഒരു ഭീതിയും അശാന്തിയും നിലനിൽക്കുന്നു.

എന്നാൽ നമ്മുടെ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് ﷺന്റെ അവസ്ഥ നോക്കൂ. ചുറ്റും ശത്രുക്കൾ നിറഞ്ഞിരുന്നിട്ടും ഒരുതരത്തിലുള്ള ഭയവും ഉണ്ടായിരുന്നില്ല. പകരം പൂർണമായ സമാധാനവും ആനന്ദവുമായിരുന്നു. ശത്രുക്കൾ തന്നെ ഭക്ഷണത്തിനായി ക്ഷണിച്ചാലും തിരുനബി ﷺ യാതൊരു ഭയവുമില്ലാതെ അവിടെ പോകുമായിരുന്നു.

ഒരിക്കൽ ഒരു യഹൂദസ്ത്രീ വിഷം കലർത്തിയ ഭക്ഷണം നൽകിയ സംഭവവും ഉണ്ടായിട്ടുണ്ട്. എന്നാൽ അല്ലാഹു തആലായുടെ അറിയിപ്പിലൂടെ നബി ﷺ അതിനെക്കുറിച്ച് അറിവ് ലഭിക്കുകയും അതിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്തു.

തിരുനബി ﷺക്ക് ഇത്രയധികം ആത്മവിശ്വാസവും സമാധാനവും ലഭിച്ചതെന്തുകൊണ്ടാണ്? കാരണം അവിടുന്ന് അദൃശ്യമായതെല്ലാം അറിയുന്ന ഒരു മഹത്തായ സത്തയുമായി ബന്ധം സ്ഥാപിച്ചിരുന്നു. അല്ലാഹുവുമായി ഒരാൾക്ക് അത്തരം ബന്ധം സ്ഥാപിക്കപ്പെടുമ്പോൾ, അല്ലാഹു തന്റെ അദൃശ്യജ്ഞാനത്തിൽ നിന്ന് ആവശ്യാനുസരണം അവനും പങ്ക് നൽകുന്നു. അതിനാൽ അല്ലാഹുവുമായി ബന്ധമുള്ളവൻ എപ്പോഴും സമാധാനത്തോടെയും ആത്മവിശ്വാസത്തോടെയും ജീവിക്കുന്നു.'

(തഫ്സീർ കബീർ, വാള്യം 5, പേജ് 67)

അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയൂരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്, ഖാദിയാൻ

മജ്‌ലിസ് അൻസാറുല്ലാഹ് ഭാരതിന്റെ
46ാം ദേശീയ ഇജ്‌തിമാക്ക്
ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് അയച്ചു തന്ന സന്ദേശം

ഭാരതത്തിലെ പ്രിയ അൻസാർ സഹോദരങ്ങളെ, ഇസ്ലാമാബാദ് യു.കെ

السلام عليكم ورحمة الله وبركاته MA 18-09-2026

നിങ്ങൾക്ക് വാർഷിക ഇജ്തിമാ നടത്താനുള്ള തൗഫീഖ് ലഭിച്ചിരിക്കുകയാണ്, അൽഹംദുലില്ലാഹ്. അല്ലാഹു ഇതിനെ എല്ലാ നിലയിലും വിജയകരവും അനുഗ്രഹീതവുമാക്കിത്തീർക്കട്ടെ. ഈ അവസരത്തിൽ ചില സുപ്രധാന ഉത്തരവാദിത്തങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

നാം സ്വജീവിതം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകൾക്കൊത്ത് വാർത്തെടുക്കാൻ ശ്രമിക്കുന്നുണ്ടോ എന്ന് മജ്‌ലിസ് അൻസാറുല്ലാഹിലെ അംഗങ്ങൾ കാര്യമായി ഒരു ആത്മപരിശോധന നടത്തേണ്ടതാണ്. അൻസാറുല്ലാഹ് എന്ന് വിളിക്കപ്പെടുമ്പോഴും നമ്മുടെ അവസ്ഥ ആശങ്കാജനകമാണെന്ന് പരിശോധനയിൽ മനസ്സിലാകും. ഒരു സാധാരണ ജമാഅത്തംഗത്തിൽനിന്ന് അവിടുന്ന് ഉന്നത നിലവാരം പ്രതീക്ഷിക്കുമ്പോൾ അൻസാറുല്ലാഹ് എന്ന് വിളിക്കപ്പെട്ടിരിക്കെ അതിലേക്ക് വേണ്ടത്ര ശ്രദ്ധ നൽകാതിരിക്കുന്നത് എത്ര ഗൗരവതരമാണ്! നമ്മുടെ കുടുംബാന്തരീക്ഷം പരിശുദ്ധ മാതൃകകൾ നിലനിൽക്കുന്ന ഒന്നായിരിക്കണം. നാം ഭാര്യയോടും മക്കളോടും സമൂഹത്തിലും നമ്മുടെ തന്നെ ചുറ്റുപാടിലും വെച്ചു പുലർത്തുന്ന പരിശുദ്ധ മാതൃക സമൂഹനന്മയിലേക്കും പുരോഗതിയിലേക്കും വഴികാട്ടിയാകുന്നതായിരിക്കണം. ഭാവി തലമുറയുടെ പരിഷ്കരണത്തിനും അവരുടെ സംരക്ഷണത്തിനും ദൈവസ്നേഹം അവരിൽ ഉളവാക്കുന്നതിനും അവരെ ദൈവവുമായി ബന്ധിപ്പിക്കുന്നതിനും ജമാഅത്തിനോടുള്ള ബഹുമാനവും ബന്ധവും അവരിൽ സംജാതമാക്കുന്നതിനും നാം അനുകരണീയ മാതൃകയായിത്തീരേണ്ടതുണ്ട്.

കുട്ടികളുടെ ശിക്ഷണവുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ട് അവർക്കായി ദുആ ചെയ്യുക. അവിടുന്ന് പറയുന്നു: മാർഗ്ഗദർശനവും പരിപാലനവും ദൈവികപ്രവൃത്തിയാണ്. വിടാതെ പിറകെക്കൂടുകയും ഒരു കാര്യത്തിൽ പരിധിവിട്ട് വാശി അഥവാ നിസ്സാര കാര്യങ്ങൾക്ക് കുട്ടികളെ വഴക്കു പറയുകയും ചെയ്യുന്നതിലൂടെ കാണിക്കുന്നത് 'ഞങ്ങൾ തന്നെയാണ് സന്മാർഗ്ഗത്തിന്റെ ഉടമസ്ഥർ. ഞങ്ങൾ അവനെ വിചാരിച്ച വഴിക്ക് കൊണ്ടും വരും' എന്ന ചിന്തയാണ്. ഒരു തരം ഗൂപ്തമായ ശിർക്കാണിത്. നമ്മുടെ ജമാഅത്ത് ഇതിൽനിന്ന് വിട്ടു നിൽക്കേണ്ടതാണ്. ഞാൻ മക്കൾക്കായി ചെയ്യുന്നത് ദുആയാണ്. അല്പസ്വല്പം ചിട്ടവട്ടങ്ങളൊക്കെ ശീലിപ്പിക്കുകയും ചെയ്യും. അത്രമാത്രം. അതിൽ കവിഞ്ഞ് ഇല്ല. എന്നിട്ട് അല്ലാഹുവിൽ വിശ്വാസം അർപ്പിക്കുന്നു. നമ്മുടെ വിത്ത് പാകുന്നതോടെ സമയമാകുമ്പോൾ അത് ഹരിതാഭമായിക്കൊള്ളും. (മൽഫൂദാത്ത് വാള്യം.2 പേജ്.5)

ആകയാൽ, സൽമാതൃകയും ദുആയും സന്താനശിക്ഷണവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഇതിലേക്ക് പ്രത്യേകം ശ്രദ്ധ തിരിക്കേണ്ടതുണ്ട്. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും ദൈവവുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുക. ഒരു വിശ്വാസി അഥവാ ഭക്തദാസൻ തന്നെ അല്ലാഹുവിന് സമർപ്പിക്കുമ്പോൾ വാസ്തവത്തിൽ അല്ലാഹു സ്വയം അവന്റെ സംരക്ഷകനായിത്തീരുകയാണ് ചെയ്യുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പ്രസ്താവിക്കുന്നു: അല്ലാഹു അത്തരക്കാരുടെ മേൽനോട്ടക്കാരനാകുന്നു. അവൻ പറയുന്നു:

وَهُوَ يَتَوَلَّى الصَّالِحِينَ

(അഅ്റാഫ്:197)

അതായത് അവൻ സദ്വൃത്തരെ സഹായിക്കുകയും അവർക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. അല്ലാഹു അവർ പിടിക്കുന്ന കൈയും അവർ കാണുന്ന കണ്ണും അവർ കേൾക്കുന്ന കാതും അവർ നടക്കുന്ന കാലും ആയിത്തീരുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. എന്റെ വലിയോട് ശത്രുത പുലർത്തുന്നവനോട് ഞാൻ പറയുന്നു, എന്നെ നേരിടാൻ ഒരുങ്ങിക്കൊള്ളുക എന്നും മറ്റൊരു ഹദീസിൽ കാണാം. അല്ലാഹുവിന്റെ വലിയെ ആരെങ്കിലും ആക്രമിച്ചാൽ തന്റെ കുഞ്ഞിനെ തട്ടിയെടുക്കാൻ വരുന്നവന്റെ മേൽ ചാടി വീഴുന്ന പെൺസിംഹത്തെ പോലെ അല്ലാഹു അവനുമേൽ ചാടി വീഴുമെന്നും വേറൊരു ഹദീസിൽ വന്നിട്ടുണ്ട്.

ആകയാൽ അല്ലാഹു സുഹൃത്തായിട്ടുള്ളവൻ എത്ര ഭാഗ്യവാൻ! അല്ലാഹു സുഹൃത്തായവരുടെ ദുഃഖവും വ്യസനവും ഇല്ലാതായി ഇനിയങ്ങോട്ട് സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ അവർ ദത്തശ്രദ്ധരാകുന്നു. ഓർത്തുകൊള്ളുക, അല്ലാഹുവുമായി ഇത്തരം ഒരു ബന്ധം സംജാതമാക്കിക്കൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ദുആയല്ലാതെ മറ്റൊരു മാർഗ്ഗമില്ലെന്ന ദൃഢബോധ്യം വരുകയും അഞ്ചുനേര നമസ്കാരം ആത്മസംതൃപ്തിയോടെ നിർവ്വഹിക്കാൻ ശ്രമിക്കുകയും മനോവേദന സംജാതമാക്കാൻ യത്നിക്കുകയും മക്കൾക്കായി പ്രത്യേകം ദുആ ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുന്ന പക്ഷം നമ്മുടെ ഭാവി തലമുറകൾ രക്ഷപ്പെടുന്നതായിരിക്കും. അവർ എന്നെന്നും ജമാഅത്തുമായി ഒട്ടിച്ചേർന്ന് നിൽക്കുന്നതും ദൈവവുമായി അവരുടെ ബന്ധം ബലപ്പെട്ടു വരുന്നതുമാണ്.

അല്ലാഹു നിങ്ങൾക്ക് സ്വന്തം അവസ്ഥയിൽ പരിവർത്തനം കൊണ്ടു വരാൻ തൗഫീഖ് നൽകുമാറാകട്ടെ. സ്വന്തം മക്കളുടെ അവസ്ഥകളിൽ പരിവർത്തനം കൊണ്ടുവരാൻ പരിശ്രമിക്കുന്നവരാക്കട്ടെ. സഭവനങ്ങളിലെ അന്തരീക്ഷം സമാധാനനിർഭരമാക്കുന്നവരാക്കട്ടെ. ആമീൻ.

വസ്സലാം

വിനീതൻ

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

ഖുത്ബ ജുമുഅ

2026 സെപ്തംബർ 25/1405 തബൂക്ക് 25

മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

തവക്കുൽ അലല്ലാഹ് സംബന്ധിച്ച് തിരുനബിﷺയുടെ ഭക്തദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ ഉപദേശങ്ങളും ജീവിതാനുഭവങ്ങളും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ايده الله تعالىٰ بنصره العزيز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഏതാനും ഖുത്ബകളിൽ, തിരുനബി(സ)യുടെ ജീവിതത്തിൽ പ്രകടമായ അല്ലാഹു തആലയിലുള്ള പരമോന്നതമായ തവക്കുൽ (അല്ലാഹുവിൽ ഭരമേൽപ്പിക്കൽ) എന്ന ഗുണത്തെക്കുറിച്ച് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ യുഗത്തിൽ തിരുനബി(സ)യുടെ യഥാർത്ഥ ദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ മാതൃക നമുക്ക് എപ്രകാരമാണ് വിശദീകരിച്ചുതന്നത്, ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം ഉപദേശങ്ങളാണ് നൽകിയിട്ടുള്ളത്, അദ്ദേഹം സ്വജീവിതത്തിൽ അവ എപ്രകാരമാണ് പ്രാവർത്തികമാക്കിയത് എന്നെല്ലാം ഇന്ന് ഞാൻ വിശദീകരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"യഥാർത്ഥ തവക്കുൽ എന്നത്, ഒരു ലക്ഷ്യം നേടുന്നതിനായി അല്ലാഹു തആല നിശ്ചയിച്ചിട്ടുള്ള മാർഗങ്ങൾ സ്വന്തം കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തുകയും പിന്നീട് ആ ലക്ഷ്യത്തിന്റെ ശുഭകരമായ പര്യവസാനത്തിനായി പൂർണമായും പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുക എന്നതാണ്. 'അല്ലാഹുവേ! ഇതിന്റെ ശുഭകരമായ പര്യവസാനം സാധ്യമാക്കാൻ നിനക്കു മാത്രമേ കഴിയൂ. നൂറുകണക്കിന് ആപത്തുകളും ആയിരക്കണക്കിന് പ്രയാസങ്ങളും ഈ മാർഗങ്ങളെ നശിപ്പിക്കാനും തകിടം മറിക്കാനും ഇടയുണ്ട്. അവയുടെ ദോഷഫലങ്ങളിൽനിന്ന് ഞങ്ങളെ സംരക്ഷിക്കുകയും യഥാർത്ഥ വിജയം നേടാനും ഞങ്ങളുടെ അന്തിമ ലക്ഷ്യത്തിലെത്താനും ഞങ്ങളെ പ്രാപ്തരാക്കുകയും ചെയ്യേണമേ' എന്ന് ദൈവത്തോട് യാചിക്കണം."(മൽഫൂസാത്ത്, 2022, വാല്യം 4, പേജ് 288)

ഒരു വ്യക്തി ലഭ്യമായ മാർഗങ്ങൾ പ്രയോജനപ്പെടുത്തുന്നു. എന്നാൽ ഒരാൾ ആശ്രയിക്കുന്ന ആ മാർഗങ്ങൾ നശിച്ചുപോകാൻ ഇടയുള്ള നിരവധി പ്രയാസങ്ങളും സാഹചര്യങ്ങളും ഉണ്ടാകാം. അതിനാൽ, അവയുടെ ദോഷകരമായ പ്രത്യാഘാതങ്ങളിൽനിന്ന് അല്ലാഹു തആല നമ്മെ സംരക്ഷിക്കണമെന്ന പ്രാർത്ഥനയോടെ അവന്റെ സഹായം തേടേണ്ടതാണ്. ഈ അവസ്ഥയിലൂടെയാണ് ഒരു വിശ്വാസിക്ക് അല്ലാഹു തആലയുടെ അനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"അല്ലാഹു തആലയെ പ്രീതിപ്പെടുത്തുക എന്നത് എല്ലാവർക്കും നേടാൻ കഴിയുന്ന ഒന്നല്ല. യഥാർത്ഥത്തിൽ അത് തവക്കുലിന്റെ ഏറ്റവും ഉന്നതമായ പദവിയാണ്. അതായത്, ലോകവുമായുള്ള ബന്ധങ്ങളിൽനിന്ന് മനസ്സിനെ വേർപെടുത്തി, അല്ലാഹുവിന്റെ വിധിയിലുള്ള സംതൃപ്തിയും പൂർണമായ സമർപ്പണവും കൈവരിക്കുന്ന അവസ്ഥ. ഈ അവസ്ഥയിൽ ഒരു വ്യക്തിക്ക് തന്റെ പരമാധികാരിയായ രക്ഷിതാവിനെക്കുറിച്ച് യാതൊരു വിധ സംശയങ്ങളോ പരാതികളോ ഉണ്ടാകുകയില്ല. അല്ലാഹു തആല തന്റെ ദാസനിൽ സംതൃപ്തനാകുന്നത് ആ ദാസന്റെ പരിപൂർണമായ ആത്മാർഥതയും വിശ്വസ്തതയും അത്യുന്നതമായ വിശുദ്ധിയും ഭക്തിയും പൂർണമായ അനുസരണവും ആശ്രയിച്ചിരിക്കുന്നു. ഇതിൽ നിന്ന് സ്വഹാബികൾ(റ) മഅ്രിഫത്തിന്റെയും (ദൈവികമായ അറിവിന്റെയും തിരിച്ചറിവിന്റെയും) സുലൂക്കിന്റെയും (അല്ലാഹുവിലേക്കുള്ള ആത്മീയ യാത്രയുടെയും) എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ചിരുന്നുവെന്ന് മനസ്സിലാക്കാം."

അല്ലാഹുവുമായുള്ള ബന്ധത്തിലും അവനിൽ ഭരമേൽപ്പിക്കുന്നതിലും സ്വഹാബികൾ(റ) ഇത്രയും ഉന്നതമായ ഒരു പദവി കൈവരിച്ചിരുന്നു. അത് നമുക്കൊരു മാതൃകയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഈസാ(അ)യുടെ അനുയായികൾ അദ്ദേഹം രോഗികളെ സുഖപ്പെടുത്തിയിരുന്നുവെന്ന് പറയാറുണ്ട്. എന്നാൽ, അത് അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ അല്ലാഹുവിലുള്ള തവക്കുലിന്റെ നിലവാരം വർധിപ്പിച്ചിരുന്നോ എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താലും ഒരാൾ തന്റെ പൂർണമായ ശ്രദ്ധ അവനിലേക്ക് കേന്ദ്രീകരിക്കുന്നതിലൂടെയും മാത്രമേ അല്ലാഹുവിലുള്ള തവക്കുലിന്റെ നിലവാരം വർധിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഈസാ മസീഹിന്റെ ശിഷ്യന്മാരുടെ ഇടയിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെ (തവക്കുലിന്റെ) ഇത്തരം ഒരു മാതൃക നിങ്ങൾ അന്വേഷിച്ചാൽ ഒരിക്കലും കണ്ടെത്തുകയില്ല. അതിനാൽ, രോഗികളെ സുഖപ്പെടുത്തുന്നതിൽ മാത്രം സംതൃപ്തരാകുന്നത് വിവേകപൂർവമല്ല. (ഇതുകൊണ്ടുമാത്രം യാതൊന്നും നേടിയെടുക്കാൻ കഴിയില്ല. ഔലിയാക്കൾക്കും അത്ഭുതങ്ങൾ പ്രകടിപ്പിക്കാൻ കഴിയുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേവലം ഇതിൽ മാത്രം സംതൃപ്തരാകുന്നത് ഉചിതമോ ബുദ്ധിപരമോ അല്ലെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്.) ആത്മീയമായ ഉന്നതികൾ ആഗ്രഹിക്കുന്ന ഒരാൾക്ക് ഇത്തരം കാര്യങ്ങളിൽ മാത്രം സന്തോഷിക്കാൻ കഴിയില്ല. അതുകൊണ്ടാണ് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും അല്ലാഹു തആലയുമായി അത്തരമൊരു ബന്ധം സ്ഥാപിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ആ പരമകാരുണികനും സർവോന്നതനുമായ രക്ഷിതാവ് നിങ്ങളിൽ സംതൃപ്തനാകുകയും നിങ്ങൾ അവനിൽ സംതൃപ്തരാകുകയും ചെയ്യട്ടെ. അപ്പോൾ അവൻ നിങ്ങളുടെ ശരീരത്തിലും വാക്കുകളിലും അത്രമേൽ അനുഗ്രഹങ്ങൾ ചൊരിയും; രോഗങ്ങളെ സുഖപ്പെടുത്തുന്നവർ പോലും അത് കണ്ട് വിസ്മയിക്കുകയും അതിനു മുന്നിൽ വിനയാന്വിതരാകുകയും ചെയ്യും." (മൽഫൂസാത്ത്, ഇംഗ്ലീഷ് പതിപ്പ്, വാല്യം 7, പേജ് 516)

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരാൾ അല്ലാഹു തആലയുമായി ഇത്തരമൊരു ബന്ധം സ്ഥാപിച്ചാൽ, രോഗികളെ സുഖപ്പെടുത്തുന്നവർ പോലും അദ്ദേഹത്തിന്റെ ആത്മീയ നിലവാരത്തിനു മുന്നിൽ വിനയാന്വിതരായിത്തീരും. അതിനാൽ, ഒരു വിശ്വാസി അല്ലാഹു തആലയിൽ പൂർണമായി ഭരമേൽപ്പിക്കുകയും അവനുമായി ആത്മാർഥമായ ബന്ധം സ്ഥാപിക്കുകയും ചെയ്താൽ, അത്ഭുതങ്ങൾ പ്രകടമാക്കാൻ പോലും അവന് സാധിക്കുന്നതാണ്.

മറ്റൊരു സന്ദർഭത്തിൽ, അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെയും അവനിൽ പൂർണമായി സമർപ്പിക്കുന്നതിന്റെയും പ്രാധാന്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറഞ്ഞു:

"കഷ്ടപ്പാടുകളുടെ മുറിവുകൾക്ക് അല്ലാഹു തആലയിൽ ഭരമേൽപ്പിക്കുന്നതുപോലെ ആശ്വാസവും സമാധാനവും നൽകുന്ന മറ്റൊരു മരുന്നില്ലെന്ന കാര്യം കൂടി ഓർക്കുക. അല്ലാഹു തആലയിൽ ഭരമേൽപ്പിക്കുന്ന വ്യക്തിക്ക് ഏറ്റവും കഠിനമായ പ്രയാസങ്ങളിലും ദുരിതങ്ങളിലും പോലും തന്റെ ഉള്ളിൽ ആശ്വാസവും സംതൃപ്തിയും അനുഭവിക്കാൻ കഴിയുന്നു. അവന്റെ ഹൃദയത്തിൽ കയ്പ്പോ വേദനയോ അനുഭവപ്പെടുകയില്ല. പരമാവധി ഈ പ്രയാസത്തിന്റെ അന്തിമഫലം മരണം മാത്രമായിരിക്കാം; അതും മാറ്റാനാവാത്ത ദൈവിക വിധിയാണെങ്കിൽ."

ഒരു വിശ്വാസിക്കും പ്രയാസങ്ങൾ നേരിടേണ്ടിവരാം. എന്നാൽ അല്ലാഹുവിലുള്ള അവന്റെ വിശ്വാസം ദൃഢമാണെങ്കിൽ, ആ പ്രയാസങ്ങൾക്കു മുന്നിൽ അവൻ തളർന്നുപോകുകയില്ല.

അദ്ദേഹം തുടർന്നു പറയുന്നു:

"എന്നിരുന്നാലും, അതുകൊണ്ട് എന്താണ് സംഭവിക്കുക? ഈ ലോകം എന്നെന്നും ജീവിക്കാനുള്ള ഒരു സ്ഥലമല്ലല്ലോ. ഒടുവിൽ ഓരോ മനുഷ്യനും ഈ ലോകം ഉപേക്ഷിക്കേണ്ടിവരുന്ന ഒരു ദിവസവും സമയവും വന്നെത്തും. അങ്ങനെയിരിക്കെ, അതിന്റെ പരിണതഫലം മരണമാണെങ്കിൽ അതുകൊണ്ട് എന്തു ദോഷമാണുണ്ടാകുക? ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ മരണം കൂടുതൽ ആശ്വാസകരമാണ്. കാരണം, അത് തന്റെ പ്രിയതമനായ അല്ലാഹുവുമായി സംഗമിക്കാനുള്ള മാർഗമായി മാറുന്നു. (ഒരാൾ യഥാർത്ഥ മുസ്ലിമും അല്ലാഹു തആലയിൽ ദൃഢമായ വിശ്വാസമുള്ളവനുമാണെങ്കിൽ, താൻ അല്ലാഹു തആലയുമായി കണ്ടുമുട്ടാൻ പോകുകയാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അവസ്ഥയിൽ അവൻ സംതൃപ്തനായിരിക്കും.) കാരണം, അവന് അല്ലാഹു തആലയിൽ പൂർണമായ വിശ്വാസമുണ്ട്. അവന്റെ സർവശക്തിയിലും അവൻ ഭരമേൽപ്പിക്കുന്നു. പരലോകം തനിക്ക് ശാശ്വതമായ ആശ്വാസത്തിന്റെ ലോകമായിരിക്കുമെന്നും അവൻ അറിയുന്നു.

"അതിനാൽ, ഒരു സാധാരണ ആപത്തോ, അത് രോഗമായാലും മറ്റേതെങ്കിലും തരത്തിലുള്ള ദുരിതമായാലും, ഒരാൾക്ക് യാതനയുടെയും വേദനയുടെയും കാരണമാകേണ്ടതില്ല. മറിച്ച്, അല്ലാഹു തആലയിലുള്ള വിശ്വാസവും അവനിലുള്ള ഭരമേൽപ്പിക്കലും ഇല്ലാത്ത അവസ്ഥയിലാണ് ആ ആപത്ത് വേദനാജനകമായ ശിക്ഷയായി കണക്കാക്കപ്പെടുന്നത്."

ഒരു വിശ്വാസിക്ക് പ്രയാസങ്ങൾ നേരിടേണ്ടിവന്നാൽ അവ അവനുള്ള ശിക്ഷയല്ല. അല്ലാഹുവിൽ വിശ്വാസമില്ലാതിരിക്കുകയും അവനിൽ ഭരമേൽപ്പിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് ശിക്ഷയുടെ സാഹചര്യം ഉണ്ടാകുന്നത്.

"വിശ്വാസമില്ലാത്ത അത്തരമൊരു വ്യക്തി കഠിനമായ യാതനകൾ അനുഭവിക്കുകതന്നെ ചെയ്യും. താൻ മരണത്തെ അഭിമുഖീകരിക്കേണ്ടിവരില്ലെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ ആ ധാരണ തെറ്റാണ്. കാരണം, ഈ ലോകം നശ്വരമാണെന്ന് അല്ലാഹു തആല വ്യക്തമാക്കിയിട്ടുണ്ട്. അത്തരമൊരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പരലോകത്ത് അത്യന്തം വേദനാജനകമായ ഒരു നരകമുണ്ടായിരിക്കും. അതിനായി അവൻ തയ്യാറായിരിക്കണം." (മൽഫൂസാത്ത്, ഇംഗ്ലീഷ് പതിപ്പ്, വാല്യം 7, പേജുകൾ 384-385)

അതിനാൽ, ഒരു പ്രയാസമോ ദുരിതമോ അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണോ അതോ ഒരു പരീക്ഷണമാണോ എന്ന് എങ്ങനെ തിരിച്ചറിയാൻ കഴിയും എന്ന ചോദ്യം ഉന്നയിക്കുന്നവർക്കും ഇതിലൂടെ പൊതുവായ ഒരു മറുപടി ലഭിക്കുന്നു.

സാഹചര്യങ്ങൾക്കനുസരിച്ച് അല്ലാഹുവിൽ ഭരമേൽപ്പിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അനുയായികളെ ഉപദേശിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് വിവരിക്കുന്ന ഒരു സംഭവം ഇപ്രകാരമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

"അല്ലാഹു തആല ദുർബലനാണെന്ന് ഒരിക്കലും കരുതരുത്. തീർച്ചയായും അവൻ അത്യന്തം മഹത്തായ ശക്തിയുടെ ഉടമയാണ്. ഏതൊരു കാര്യത്തിലും സഹായത്തിനായി നിങ്ങൾ അവനിൽ ഭരമേൽപ്പിച്ചാൽ അവൻ നിങ്ങളെ സഹായിക്കുന്നതാണ്. അല്ലാഹു തന്നെ ഇപ്രകാരം അരുളിച്ചെയ്യുന്നു:

وَمَنْ يَّتَوَكَّلْ عَلَى اللّٰهِ فَهُوَ حَسْبُهٗ

ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നുവെങ്കിൽ അവന് അല്ലാഹു തന്നെ മതിയായവനാകുന്നു. (വിശുദ്ധ ഖുർആൻ, സൂറത്തുത്തലാഖ്: 4) (രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ് 184)

ഭാഗ്യവാന്മാരുടെ ഗുണവിശേഷങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"മറ്റൊരു മഹത്തായ അനുഗ്രഹം, അവർ അത്യന്തം ദൃഢതയോടെ നിലകൊള്ളുന്ന തവക്കുലിന്റെ (അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്നതിന്റെ) പദവിയാണ്. ആ പരിശുദ്ധമായ ഉറവ മറ്റാർക്കും ഒരിക്കലും പ്രാപിക്കാൻ കഴിയില്ല. മറിച്ച്, അത് അവർക്കു മാത്രമായി സുഖകരവും ആസ്വാദ്യകരവുമാക്കപ്പെട്ടിരിക്കുന്നു. മഅ്രിഫത്തിന്റെ (ദൈവികമായ അറിവിന്റെയും തിരിച്ചറിവിന്റെയും) പ്രകാശം അവർക്ക് അത്തരമൊരു പിന്തുണ നൽകുന്നു; പലപ്പോഴും യാതൊരു ഭൗതിക മാർഗങ്ങളും ലഭ്യമല്ലാതെയും സാധാരണ മാർഗങ്ങളിൽനിന്ന് വളരെ അകലെയായും കഴിയുമ്പോഴും, ആയിരക്കണക്കിന് നിധികൾ കൈവശമുള്ളവരെപ്പോലെ അവർ അത്യന്തം സന്തോഷത്തോടെയും ആഹ്ലാദത്തോടെയും ജീവിതം നയിക്കുകയും സമൃദ്ധിയോടെ ദിവസങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്യുന്നു."

അവർക്ക് പരിചിതമായതും പതിവായി അനുഭവിച്ചുപോന്നതുമായ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽപ്പോലും, അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവർ ആയിരക്കണക്കിന് നിധികൾ കൈവശമുള്ളവരെപ്പോലെ വലിയ സന്തോഷത്തോടെ ജീവിക്കുന്നു.

"അവരുടെ മുഖങ്ങളിൽ സമ്പത്തിന്റെ പ്രസരിപ്പും ധനികരുടെ ദൃഢതയും പ്രകടമായിരിക്കും. പ്രയാസകരമായ സാഹചര്യങ്ങളിൽപ്പോലും അവർ തങ്ങളുടെ പരമകാരുണികനായ ദൈവത്തിൽ പൂർണമായ തവക്കുൽ പുലർത്തുന്നു. സന്തോഷപൂർണമായ ഹൃദയത്തോടെയും പൂർണമായ ഉറപ്പോടെയുമാണ് അവർ കഴിയുന്നത്."(ബറാഹീനെ അഹ്മദിയ്യ - നാലാം ഭാഗം, ഇംഗ്ലീഷ് പതിപ്പ്, പേജ് 340)

അവർക്ക് അല്ലാഹു തആലയുമായി അഗാധമായ ഒരു ബന്ധമുണ്ട്. അതുകൊണ്ടുതന്നെ പ്രയാസങ്ങളുടെയും ദുരിതങ്ങളുടെയും മധ്യത്തിൽപ്പോലും അവർ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നത് തുടരുകയും അവനിൽനിന്ന് അകന്നുപോകാതിരിക്കുകയും ചെയ്യുന്നു. "എന്താണ് സംഭവിക്കുന്നതെന്ന് ആർക്കറിയാം? ഇതൊരു പരീക്ഷണമാണോ, പരിശോധനയാണോ അതോ ശിക്ഷയാണോ?" തുടങ്ങിയ ചിന്തകളിൽ അവർ മുഴുകിപ്പോകുന്നില്ല. അല്ലാഹുവിലുള്ള അവരുടെ ഭരമേൽപ്പിക്കൽ പൂർണമാവുകയും അല്ലാഹുവിനോടുള്ള കടമകൾ അവർ നിറവേറ്റുകയും ചെയ്യുന്നുവെങ്കിൽ, തീർച്ചയായും അല്ലാഹു തന്റെ അനുഗ്രഹം അവർക്കുമേൽ ചൊരിയുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദൈവത്തിൽ ആശ്രയിക്കുകയും അവനിലേക്ക് തിരിയുകയും ചെയ്യുന്നവർ ഒരിക്കലും നശിച്ചുപോകുകയില്ല. സ്വന്തം പരിശ്രമങ്ങളിൽ മാത്രം നിരന്തരം മുഴുകിക്കഴിയുന്ന ഒരു വ്യക്തിക്ക് അപമാനമല്ലാതെ മറ്റെന്താണ് നേടാൻ കഴിയുക? ഈ ലോകം സൃഷ്ടിക്കപ്പെട്ടതു മുതൽ അല്ലാഹുവിന്റെ നടപടിക്രമം ഇപ്രകാരമാണ്: ലോകത്തെ ഉപേക്ഷിക്കുന്നവർക്ക് ലോകം ലഭിക്കുന്നു; എന്നാൽ ലോകത്തിന്റെ പിന്നാലെ ഓടുന്നവർക്ക് അത് നഷ്ടപ്പെടുന്നു. സർവശക്തനായ ദൈവവുമായി യാതൊരു ബന്ധവുമില്ലാത്തവർ പോലും തങ്ങളുടെ തന്ത്രങ്ങളിലൂടെയും വഞ്ചനകളിലൂടെയും ഏതാനും ദിവസത്തേക്ക് എന്തെങ്കിലും നേടിയെടുത്താലും അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. (സാധാരണയായി ലോകം നേടിയെടുക്കുന്നതിനായി ആളുകൾ വഞ്ചനയുടെയും അസത്യത്തിന്റെയും മാർഗങ്ങൾ സ്വീകരിക്കാറുണ്ട്.) കാരണം, അവസാനം അവർ പൂർണമായ പരാജയം നേരിടാൻ നിർബന്ധിതരാകുന്നു. ഇസ്ലാമിലെ ഏറ്റവും ഉത്തമരായ ആളുകൾ എല്ലായ്പ്പോഴും മതത്തിനു മുന്നിൽ ലോകത്തിന് യാതൊരു പ്രാധാന്യവും കൽപ്പിക്കാത്തവരായിരുന്നു."

അദ്ദേഹം വീണ്ടും പറയുന്നു:

"ഖുത്ബുദ്ദീൻ(റഹ്മ)യും മുഈനുദ്ദീൻ(റഹ്മ)യും ഇന്ത്യയിൽ ജീവിച്ചിരുന്നവരാണ്. ഈ മഹാന്മാർ രഹസ്യമായി ദൈവത്തെ ആരാധിച്ചിരുന്നു. എന്നാൽ അല്ലാഹു അവരുടെ ഉന്നതമായ പദവി ലോകത്തിനു മുന്നിൽ വെളിപ്പെടുത്തി."

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സംഭവം വിവരിക്കുന്നു: "ബട്ടാലയിൽ ഒരു പീറിന്റെ മകനെ ഞാൻ കണ്ടു. അവൻ പൊടിയിൽ മുങ്ങിയ നിലയിൽ തന്റെ ഭൂമിയുമായി ബന്ധപ്പെട്ട കേസുകളുടെ കാര്യത്തിൽ ഒരു ഡെപ്യൂട്ടി കമ്മീഷണറുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുകയായിരുന്നു."

ആ ഉദ്യോഗസ്ഥൻ ഒരു സർക്കാർ അധികാരിയായിരുന്നു. ഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ അനുകൂലമായ തീരുമാനങ്ങൾ നേടിയെടുക്കുന്നതിനോ സ്വത്ത് കൈവശപ്പെടുത്തുന്നതിനോ വേണ്ടി ആ വ്യക്തി അദ്ദേഹത്തിന്റെ പിന്നാലെ നടക്കുകയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"അവൻ യഥാർത്ഥത്തിൽ പുണ്യവാനായിരുന്നുവെങ്കിൽ (അവൻ സ്വയം പീർസാദയാണെന്ന്, അതായത് ഔലിയാക്കളുടെ പരമ്പരയിൽപ്പെട്ടവനാണെന്ന് അവകാശപ്പെട്ടിരുന്നു), ദൈവത്തിൽ ഭരമേൽപ്പിക്കുന്നവനായിരുന്നുവെങ്കിൽ, എന്തുകൊണ്ടാണ് അവന് ഇത്തരം ദു:ഖകരമായ സാഹചര്യങ്ങൾ നേരിടേണ്ടിവരുന്നത് എന്ന് ഞാൻ ചിന്തിച്ചു."(മൽഫൂസാത്ത്, ഇംഗ്ലീഷ് പതിപ്പ്, വാല്യം 9, പേജ് 326)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ലോകത്ത് ഇത്രയധികം പാപങ്ങൾ ഉടലെടുക്കാനുള്ള കാരണം, പരലോകത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ ഒരു മനുഷ്യന് ഉറച്ച ബോധ്യമില്ലാത്തതാണ്. എന്നാൽ ഈ ലോകത്തിലെ സുഖസൗകര്യങ്ങൾ, ഐഹികമായ ആദരവ്, സമ്പത്ത്, സ്വത്തുക്കൾ എന്നിവയെക്കുറിച്ച് അവന് അത്രത്തോളം ഉറച്ച വിശ്വാസമുണ്ട്. (ഇതാണ് മനുഷ്യൻ പാപങ്ങൾ ചെയ്യാൻ കാരണമാകുന്നത്.) വിലപിടിപ്പുള്ള രത്നങ്ങളും തങ്കവും നിറച്ച ഒരു പെട്ടി തന്റെ കൈവശമുണ്ടെങ്കിൽ അതിൽ ഒരാൾക്ക് എത്രത്തോളം ഉറച്ച വിശ്വാസവും ആശ്രയവുമുണ്ടാകുമോ, അത്രത്തോളം വിശ്വാസം ദൈവത്തിൽ അവന് ഉണ്ടാകുന്നില്ല.

അതുപോലെ, ആളുകൾ ഐഹിക ഭരണകൂടങ്ങളെയും അധികാരികളെ യും ഭയപ്പെടുകയും തങ്ങളുടെ ഉപജീവനമാർഗം ഉറപ്പാക്കുന്നതിനായി അവരെ പ്രീതിപ്പെടുത്താനും മുഖസ്തുതി പറയാനും ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ അതേ രീതിയിൽ അവർ അല്ലാഹു തആലയെ ഭയപ്പെടുന്നില്ല. ഇതിന്റെ കാരണമെന്താണ്? ഒരു മനുഷ്യന്റെ കൺമുന്നിൽ ദൃശ്യമാകുന്ന ഭൗതിക മാർഗങ്ങളും ഐഹിക വിഭവങ്ങളും അവന് അത്രത്തോളം ഉറപ്പുള്ളതായി തോന്നുന്നു. അതിനാൽ അവയുമായി താരതമ്യം ചെയ്യുമ്പോൾ മതവിശ്വാസങ്ങൾ അവന് നിസ്സാരമായി തോന്നുന്നു." (നുസൂലുൽ മസീഹ്, റൂഹാനി ഖസാഇൻ, വാല്യം 18, പേജ് 468)

ഐഹികമായ മാർഗങ്ങൾ മനുഷ്യന്റെ കൺമുന്നിൽ വ്യക്തമായി കാണപ്പെടുന്നു. എന്നാൽ ദൈവത്തിലുള്ള വിശ്വാസത്തിനും മതപരമായ വിശ്വാസങ്ങൾക്കും അവൻ യാതൊരു പ്രാധാന്യവും നൽകുന്നില്ല. അതിനാൽ, അല്ലാഹു തആലയിൽ ഭരമേൽപ്പിക്കലില്ലാതിരിക്കുകയും ഐഹിക കാര്യങ്ങളേക്കാൾ മതത്തിന് മുൻഗണന നൽകണമെന്ന ചിന്ത ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അതായത് ഓരോ പ്രതിജ്ഞയിലും നാം ആവർത്തിക്കുന്നതും വരാനിരിക്കുന്ന ഖുദ്ദാമുൽ അഹ്മദിയ്യ ഇജ്തിമായിൽ വീണ്ടും ആവർത്തിക്കാൻ പോകുന്നതുമായ ഈ പ്രതിജ്ഞയുടെ ആത്മാവ് നഷ്ടപ്പെടുമ്പോൾ - വിശ്വാസത്തിലുണ്ടാകുന്ന ഈ ദൗർബല്യം അത്തരമൊരു വ്യക്തിയെ പരലോകത്തിന്റെ അനുഗ്രഹങ്ങളിൽനിന്നും അകറ്റുന്നതാണ്.

അവർ ഈ ലോകത്തെ മാത്രമാണ് എല്ലാമായി കണക്കാക്കിയത്. അതിന്റെ നേട്ടങ്ങൾ കൈവരിക്കുന്നതിനായി നിരന്തരം പരിശ്രമിക്കുകയും ചെയ്തു. അവരിൽ ചിലർ അത് നേടിയെടുത്തു. മറ്റു ചിലർ അത് നേടാനുള്ള പരിശ്രമങ്ങൾക്കിടയിൽ പരാജയപ്പെട്ട് മര

• ഹദീഥുന്നബ്വി ﷺ •

"അക്രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ണപ്പെട്ടു. വേറെ ചിലർ അത് നേടിയെടുത്തെങ്കിലും പിന്നീട് അതെല്ലാം നഷ്ടപ്പെട്ടു. അതിനുശേഷം ജീവിതകാലം മുഴുവൻ വലിയ ഐഹിക കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നു. അങ്ങനെ അവർക്ക് മതവും ലഭിച്ചില്ല, ലോകത്തിന്റെ യഥാർത്ഥ നേട്ടങ്ങളും ലഭിച്ചില്ല.

ഇതുമായി ബന്ധപ്പെട്ട് ഒരു കവി ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "അവർക്ക് അല്ലാഹുവിനെയും ലഭിച്ചില്ല, പ്രിയതമനുമായുള്ള സംഗമവും നേടാനായില്ല."

ജനങ്ങളെ അല്ലാഹു തആലയുടെ അടുക്കലേക്ക് അടുപ്പിക്കുന്നതിനും പരലോകത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്രമാത്രം ആകാംക്ഷയുള്ളവരായിരുന്നുവെന്നും അതിനായി എത്രത്തോളം വേദന അനുഭവിച്ചിരുന്നുവെന്നും താൻ എത്രയധികം പ്രാർത്ഥിച്ചിരുന്നുവെന്നും വിശദീകരിച്ചുകൊണ്ട് അല്ലാഹു തആലയെ അഭിസംബോധന ചെയ്ത് അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"നോക്കൂ! ഒരു പക്ഷി തന്റെ കൂട്ടിലേക്ക് മടങ്ങുന്നതുപോലെ, പൂർണമായ ഭരമേൽപ്പിക്കലോടെ എന്റെ ആത്മാവ് നിന്നിലേക്ക് പറന്നടുക്കുന്നു. അതിനാൽ, നിന്റെ ശക്തിയുടെ ഒരു ദൃഷ്ടാന്തം ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അത് എനിക്കുവേണ്ടിയോ എന്റെ ആദരവിനു വേണ്ടിയോ അല്ല. മറിച്ച്, ജനങ്ങൾ നിന്നെ തിരിച്ചറിയുന്നതിനും നിന്റെ പരിശുദ്ധമായ മാർഗങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഞാൻ അത് ആഗ്രഹിക്കുന്നത്. നീ അയച്ച വ്യക്തിയെ തള്ളിക്കളഞ്ഞുകൊണ്ട് അവർ സന്മാർഗത്തിൽനിന്ന് പിന്തിരിയാതിരിക്കാനും വേണ്ടിയാണ്. നീ എന്നെ നിയോഗിച്ചിരിക്കുന്നുവെന്നും എനിക്ക് പിന്തുണയേകിക്കൊണ്ട് മഹത്തായ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കിയിട്ടുണ്ടെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു." (തിരിയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാല്യം 15, പേജ് 511)

അല്ലാഹു തആല തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്ക് മുതവക്കിൽ (അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്നവൻ) എന്ന പേര് നൽകിയിരുന്നു. ഇതിനെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു:

"മസീഹിന്റെ ആഗമനത്തിന്റെ ഒരു അടയാളമായി, അദ്ദേഹം രണ്ട് മലക്കുകളുടെ ചിറകുകളിൽ തന്റെ കൈകൾ വെച്ചിരിക്കും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ സൂചിപ്പിക്കുന്നത്, ബൗദ്ധികമായ അറിവും ആന്തരികമായ ആത്മീയ പ്രകാശവും നേടുന്നതിനുള്ള മാർഗങ്ങളായ അദ്ദേഹത്തിന്റെ വലതുകൈയും ഇടതുകൈയും വിവിധ ചുമതലകൾ ഏൽപ്പിക്കപ്പെട്ടിട്ടുള്ള ആകാശീയ ശക്തികളിൽ (അതായത്, മലക്കുകളിൽ) ആശ്രയിച്ചിരിക്കും എന്നതാണ്."

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യുക്തിപരമായ അറിവും ആന്തരികമായ ആത്മീയ പ്രകാശങ്ങളും ആത്മീയ ഉൾക്കാഴ്ചയുമായി ബന്ധപ്പെട്ട കാര്യങ്ങളും മതപരമായ വിജ്ഞാനവും ഈ മാർഗത്തിലൂടെയായിരിക്കും ലഭിക്കുക. അതായത്, മലക്കുകളുടെ സഹായത്തോടെയായിരിക്കും ഇവ ലഭിക്കുക. രണ്ട് മലക്കുകളുടെ ചിറകുകളിൽ കൈകൾ വെക്കുക എന്നതിന്റെ അർഥം അവരുടെ സഹായത്തിൽ ആശ്രയിക്കുക എന്നതാണ്.

"അദ്ദേഹം ഈ അറിവ് വിദ്യാലയങ്ങളിൽനിന്നോ പുസ്തകങ്ങളിൽനിന്നോ ആത്മീയ ഗുരുക്കന്മാരിൽനിന്നോ ആയിരിക്കുകയില്ല നേടുക. മറിച്ച്, സർവശക്തനായ അല്ലാഹുവിൽനിന്ന് നേരിട്ടായിരിക്കും അത് ലഭിക്കുക. അദ്ദേഹത്തിന് 'ഇൽമേ ലദുന്നി' (അല്ലാഹു നേരിട്ട് പഠിപ്പിക്കുന്ന വിജ്ഞാനം) നൽകപ്പെടും. അതുപോലെ, അദ്ദേഹത്തിന്റെ ജീവിതാവശ്യങ്ങളുടെ ഉത്തരവാദിത്വവും അല്ലാഹു തന്നെ ഏറ്റെടുക്കുകയും അവ നിറവേറ്റുകയും ചെയ്യും.

ഈ എളിയ ദാസനെക്കുറിച്ചുള്ള ഈ വെളിപ്പാട് പത്ത് വർഷങ്ങൾക്കു മുമ്പുതന്നെ ബറാഹീനെ അഹ്മദിയ്യയിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അതിന്റെ ഉദാഹരണമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വെളിപ്പാട് ഉദ്ധരിക്കുന്നു:

اِنَّکَ بِاَعْیُنِنَا سَمَّیْتُکَ الْمُتَوَکِّلَ وَعَلَّمْنٰہُ مِنْ لَّدُنَّا عِلْمًا

അർഥം: "നീ നമ്മുടെ ദൃഷ്ടികൾക്ക് മുമ്പിലാകുന്നു. നാം നിനക്ക് മുതവക്കിൽ (അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്നവൻ) എന്ന് പേര് നൽകിയിരിക്കുന്നു. നമ്മുടെ പക്കൽ നിന്നുള്ള വിജ്ഞാനം നാം അവനെ പഠിപ്പിച്ചു."

"... നിരവധി ഹദീസുകളിൽനിന്നും വിശുദ്ധ ഖുർആനിൽനിന്നും ഈ കാര്യം വ്യക്തമാണ്: ഒരു വ്യക്തി മറ്റെല്ലാ ആശ്രയങ്ങളിൽനിന്നും പൂർണമായി വിട്ടുമാറി അല്ലാഹുവിൽ സമ്പൂർണമായി ഭരമേൽപ്പിക്കുമ്പോൾ, മലക്കുകൾ അവനെ സേവിക്കുന്നതിനായി നിയോഗിക്കപ്പെടുന്നു. ഓരോ മലക്കും തനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വത്തിനനുസരിച്ച് അവനെ സേവിക്കുകയും ചെയ്യുന്നു."(ഇസാലയെ ഔഹാം, റൂഹാനി ഖസാഇൻ, വാല്യം 3, പേജ് 476)

അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിന്റെ ഉന്നതമായ മാതൃക

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ഒരു സദസ്സിൽ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിനെക്കുറിച്ച് ചർച്ച നടന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

"എന്റെ ഹൃദയത്തിന്റെ അവസ്ഥ വളരെ വിചിത്രമായ ഒന്നായിട്ടാണ് എനിക്ക് അനുഭവപ്പെടുന്നത്. അന്തരീക്ഷത്തിൽ ഈർപ്പം വളരെ കൂടുതലാകുകയും ചൂട് അത്യധികം വർധിക്കുകയും ചെയ്യുമ്പോൾ, ഉടൻതന്നെ മഴ പെയ്യുമെന്ന് ആളുകൾക്ക് ഉറച്ച പ്രതീക്ഷ ഉണ്ടാകാറുണ്ട്. അതുപോലെ, എന്റെ പണസഞ്ചി കാലിയായിരിക്കുന്നതായി (അതായത്, എന്റെ കൈവശം പണമൊന്നുമില്ലാത്തപ്പോൾ) ഞാൻ കാണുമ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് വീണ്ടും നിറയുമെന്ന ഉറച്ച വിശ്വാസം എനിക്കുണ്ടാകുന്നു. സംഭവിക്കുന്നതും അതുതന്നെയാണ്."

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) സർവശക്തനായ അല്ലാഹുവിനെ സത്യം ചെയ്ത് ഇപ്രകാരം പറഞ്ഞു:

"എന്റെ പണസഞ്ചി (അല്ലെങ്കിൽ കീശ) കാലിയായിരിക്കുമ്പോൾ, അത്തരമൊരു സന്ദർഭത്തിൽ സർവശക്തനായ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിലൂടെ എനിക്ക് അനുഭവപ്പെടുന്ന സന്തോഷവും ആനന്ദവും എത്രത്തോളമാണെന്ന് വിവരിക്കാൻ എനിക്ക് കഴിയില്ല. (തന്റെ കൈവശം ഒന്നുമില്ലാത്തപ്പോൾ അല്ലാഹുവിലുള്ള തന്റെ ഭരമേൽപ്പിക്കൽ കൂടുതൽ ശക്തമാകുമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്.) എന്റെ പണസഞ്ചി നിറഞ്ഞിരിക്കുന്ന സമയത്തുള്ള അവസ്ഥയേക്കാൾ വളരെ ആശ്വാസകരവും സംതൃപ്തിദായകവുമാണ് അത്തരം സന്ദർഭങ്ങളിലെ എന്റെ മാനസികാവസ്ഥ."(മൽഫൂസാത്ത്, ഇംഗ്ലീഷ് പതിപ്പ്, വാല്യം 2, പേജ് 43)

ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ ഈ വാക്കുകളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:

"അല്ലാഹുവിന്റെ സാമീപ്യം നേടിയ മഹാന്മാരുടെ പണസഞ്ചി പൊതുവെ കാലിയായിരിക്കും. (അതായത്, തങ്ങളുടെ ജീവിതം അല്ലാഹുവിനായി സമർപ്പിച്ചവർ സമ്പത്ത് സ്വരൂപിച്ചുവെക്കാറില്ല. അവരുടെ സമ്പത്തുകളുടെ ശേഖരം പൊതുവെ ശൂന്യമായിരിക്കും. ഐഹികമായ സമ്പത്തുകളൊന്നും അവരുടെ കൈവശം അവശേഷിക്കാറില്ല. കാരണം, തങ്ങളുടെ കൈവശമുള്ളതെല്ലാം അവർ മറ്റുള്ളവർക്ക് വിതരണം ചെയ്യുന്നു.) എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്ക് അല്ലാഹുവിലുണ്ടായിരുന്ന ഭരമേൽപ്പിക്കലിന്റെ അസാധാരണമായ നിലവാരം ശ്രദ്ധിക്കുക. ഒരു പ്രത്യേക കിണറിന്റെ അനുഭവം പലതവണ ഉണ്ടായിട്ടുള്ള ബുദ്ധിമാനായ ഒരു കർഷകന്റെ ഉറച്ച വിശ്വാസം പോലെയായിരുന്നു അത്. ആ കിണറിലെ നിലവിലുള്ള ജലശേഖരം കുറയാൻ തുടങ്ങുമ്പോൾ, ഭൂമിക്കടിയിലെ നീരുറവകൾ സ്വയം തുറക്കുകയും കിണർ വീണ്ടും വെള്ളംകൊണ്ട് നിറയുകയും ചെയ്യുമെന്ന് അയാൾക്ക് ഉറപ്പുണ്ടായിരിക്കും. (ചിലപ്പോൾ ഒരു കിണർ കുഴിച്ചശേഷം അതിലെ വെള്ളം ആവർത്തിച്ച് കോരിയെടുക്കുമ്പോൾ അത് വറ്റിപ്പോകാറുണ്ട്. എന്നാൽ ക്രമേണ അതിൽ വീണ്ടും വെള്ളം നിറയാൻ തുടങ്ങും.)

ഇതുപോലെ, തന്റെ കീശ കാലിയാകുന്ന ഉടൻതന്നെ അദൃശ്യലോകത്തുനിന്നുള്ള സ്വർഗീയ കരങ്ങൾ വീണ്ടും അതിനെ നിറയ്ക്കുമെന്നും അല്ലാഹു തന്നെ ഏൽപ്പിച്ച ദൗത്യനിർവഹണത്തിൽ യാതൊരു തടസ്സവും ഉണ്ടാകുകയില്ലെന്നുമുള്ള ദൃഢമായ വിശ്വാസം ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നു.

അല്ലാഹു തആല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആരംഭത്തിൽത്തന്നെ നൽകിയ താഴെ പറയുന്ന വാഗ്ദാനത്തിൽ പരാമർശിച്ചിരിക്കുന്ന ദൈവിക സഹായത്തിന്റെ അതേ പദവിയാണിത്:

اَلَیْسَ اللّٰہُ بِکَافٍ عَبْدَہٗ

"അല്ലാഹു തന്റെ ദാസന് മതിയായവനല്ലയോ?"

യഥാർത്ഥത്തിൽ, ആരംഭം മുതൽ അവസാനം വരെ ഈ ദൈവിക വെളിപ്പാട് കാരുണ്യത്തിന്റെ ഒരു മേഘം പോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ മേൽ നിലകൊണ്ടിരുന്നു." (സീറത്തെ തയ്യിബ, പേജ് 146)

അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലുമായി ബന്ധപ്പെട്ട ഒരു സംഭവം

ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ജീവിതത്തിൽ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലുമായി ബന്ധപ്പെട്ട ഒരു സംഭവം കാണാം.

ബറാഹീനെ അഹ്മദിയ്യയുടെ പ്രസിദ്ധീകരണം വൈകുന്നതുമായി ബന്ധപ്പെട്ട്, കപൂർത്തലാ നാട്ടുരാജ്യത്തിലെ പ്രമുഖ ഉദ്യോഗസ്ഥനായ ഹാജി മുഹമ്മദ് വലി സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കത്ത് എഴുതി. അതിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"താങ്കളുടെ മുമ്പത്തെ കത്ത് വളരെ വികാരാവേശവും കടുത്ത അമർഷ

• ഹദീഥുന്നബ്വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

വും നിറഞ്ഞതായിരുന്നു.(ബറാഹീനെ അഹ്മദിയ്യയുടെ പ്രസിദ്ധീകരണത്തിനായി അദ്ദേഹം കുറച്ച് പണം സംഭാവന നൽകിയിരുന്നു. എന്നാൽ പുസ്തകം അദ്ദേഹത്തിന് ലഭിക്കാൻ വൈകിയപ്പോൾ അദ്ദേഹം ഒരു കത്ത് എഴുതി. ആ കത്തിനെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയതാണ്) താങ്കളുടെ മുമ്പത്തെ കത്ത് അത്യധികമായ വികാരാവേശവും കടുത്ത അമർഷവും നിറഞ്ഞതായിരുന്നു. അതിൽ വളരെ പരുഷവും അസുഖകരവുമായ പ്രയോഗങ്ങളും ഉണ്ടായിരുന്നു. താങ്കളുടെ മോശമായ അഭിപ്രായം അത്യന്തം വ്യത്തികെട്ട അവസ്ഥയിൽ എത്തിയിരിക്കുന്നുവെന്ന് ആ കത്ത് വായിച്ച ഉടൻതന്നെ വ്യക്തമായി.''

അദ്ദേഹം വളരെ കോപത്തോടെയായിരുന്നു ആ കത്ത് എഴുതിയിരുന്നത്. ആ കത്തിൽ നിന്നുതന്നെ അദ്ദേഹ ത്തിന്റെ കോപം അതിന്റെ പാരമ്യത്തിലെത്തിയിരുന്നുവെന്ന് വ്യക്തമായിരുന്നു. അതിനാൽ, പുസ്തകത്തിന്റെ വാങ്ങലും വിൽപ്പനയുമായി ബന്ധപ്പെട്ട ഒരു വാണിജ്യപരമായ ഇടപാട് ഉണ്ടായിരുന്നില്ലെങ്കിൽ, അദ്ദേഹത്തിന്റെ തൂലിക യിൽനിന്ന് ഇത്തരം വാക്കുകൾ പുറപ്പെടുമെന്ന് തനിക്ക് ഒരിക്കലും സങ്കൽപ്പിക്കാൻ പോലും കഴിയുമായിരുന്നി ല്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അഭിപ്രായപ്പെട്ടു.

അദ്ദേഹം പണം നൽകിയിരുന്നതിനാൽ പുസ്തകം പ്രസിദ്ധീകരിക്കാൻ വൈകുന്നത് സഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതുകൊണ്ടാണ് അദ്ദേഹം ഇത്രയും പരുഷമായ വാക്കുകൾ ഉപയോഗിച്ച് തന്റെ അമർഷം പ്രകടിപ്പിച്ചത്.

തുടർന്ന് അദ്ദേഹം ഇപ്രകാരം എഴുതി: ''ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഐഹിക സമ്പത്തിനോടുള്ള ഇത്തരം നിർഭാഗ്യകരമായ ആസക്തി ഇത്രയും ഉന്നത സ്ഥാനത്തുള്ള ഒരു വ്യക്തിയുടെ സ്വഭാവത്തെപ്പോലും അസ്വസ്ഥമാക്കിയിരിക്കുന്നു എന്നതാണ്. ഈ ആന്തരിക അസ്വസ്ഥതയും മന:ക്ലേശവും ഒടുവിൽ എത്രത്തോളം അദ്ദേഹത്തെ ബാധിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. എന്നാൽ ഈ എളിയവനെ സംബന്ധിച്ചിടത്തോളം, ഈ സംരംഭം മുഴുവനും മഹത്വപൂർണനായ അല്ലാഹുവിന്റെ സഹായത്തിലും ആശ്രയത്തിലുമല്ലാതെ മറ്റാരുടെയും പിന്തുണയിലോ ആശ്രയത്തിലോ അധിഷ്ഠിതമല്ല.''

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ദൗത്യം അല്ലാഹു തആലയിൽ പൂർണമായി ഭരമേൽപ്പിച്ചുകൊണ്ടാണ് നിർവഹിക്കപ്പെടുന്നത്. ഇൻഷാ അല്ലാഹ്, അത് പൂർത്തിയാകുകയും ചെയ്യും. എന്നാൽ വഴിമധ്യേ ചില തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. സ്വന്തം കഴിവുകൊണ്ട് അവ നീക്കം ചെയ്യാനുള്ള ശക്തിയോ അധികാരമോ എനിക്കില്ല. അതിനാൽ അദ്ദേഹം ഇത്രയും അക്ഷമ കാണിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നെഴുതി: ''ഈ സാഹചര്യത്തിൽ, ഈ ഇടപാട് റദ്ദാക്കി അയച്ചുതന്ന തുക തിരികെ നൽകുന്നതായിരിക്കും ഒരുപക്ഷേ ഉചിതം. (ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പണം കൈവശപ്പെടുത്തിയതായി അദ്ദേഹം കരുതുന്നുവെങ്കിൽ) ഒരുപക്ഷേ ഇത് താങ്കളുടെ മനസ്സിന് സമാധാനവും ശാന്തിയും നൽകും. (പണം തിരികെ ലഭിച്ചാൽ അദ്ദേഹത്തിന്റെ കോപം ശമിച്ചേക്കാം.) ഏതാനും രൂപകളിൽ നിന്നുള്ള വേർപിരിയൽ- എന്തായാലും ഒരുനാൾ ചെലവഴിക്കേണ്ടിവരുന്ന ആ തുക -താങ്കളുടെ മനോഭാവത്തെ ഉത്കണ്ഠയിലേക്കും പശ്ചാത്താപത്തിലേക്കും ദു:ഖത്തിലേക്കും ആശയക്കുഴപ്പത്തിലേക്കും നയിച്ചതല്ലാതെ ഈ അസ്വസ്ഥതയ്ക്ക് മറ്റൊരു കാരണവും കാണുന്നില്ല.

ഈ പരിഗണനയോടെയാണ് ഈ കത്ത് അയക്കുന്നത്. എന്റെ ധാരണ ശരിയാണെങ്കിൽ, താങ്കളുടെ ഈ പരുഷവും അനുചിതവുമായ പ്രയോഗങ്ങൾക്കു പിന്നിലെ കാരണം ഇതു തന്നെയാണെങ്കിൽ, എന്നെ അറിയിക്കുക. അങ്ങനെ ചെയ്താൽ താങ്കൾ അയച്ചുതന്ന തുക തിരികെ നൽകാൻ എനിക്ക് സാധിക്കും. അതുവഴി താങ്കളുടെ സംസാരരീതി നിയന്ത്രിക്കാനും നാവിനെ അടക്കിനിർത്താനും സഹായിക്കുന്ന ഒരു പരിഹാരം നൽകാൻ എനിക്ക് കഴിയും. കാരണം, നാവിനെ നിയന്ത്രിക്കുക എന്നത് വിശ്വാസികളുടെ സ്വഭാവഗുണങ്ങളിൽപ്പെട്ടതാണ്.''

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു വിശ്വാസിക്ക് ഒരിക്കലും ഇത്തരത്തിൽ സംസാരിക്കുന്നത് ഉചിതമല്ല. സ്വന്തം നാവിനെ നിയന്ത്രിക്കാൻ അവൻ ശ്രദ്ധിക്കണം. പണം തിരികെ നൽകുന്നതിലൂടെ അദ്ദേഹത്തിൽ ഈ സ്വഭാവപരിഷ്കരണം ഉണ്ടാകുകയും വിശ്വാസികളുടെ അനുഗ്രഹീതമായ സ്വഭാവമായ സംസാ രസംയമനം അദ്ദേഹം സ്വീകരിക്കുകയും ചെയ്യുമെങ്കിൽ, ആ തുക തിരികെ നൽകാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) തയ്യാറായിരുന്നു.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: ''കൂടാതെ, സുർമ യെ ചഷ്മെ ആര്യ എന്ന ലഘുഗ്രന്ഥം താങ്കൾ വായിച്ചിരുന്നെങ്കിൽ, ബറാഹീനെ അഹ്മദിയ്യയുടെ പ്രസിദ്ധീകരണം വൈകുന്നതിന്റെ പേരിൽ ആരെങ്കിലും അത്യുപ്തനാകുകയും താൻ നൽകിയ പണം തിരികെ ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, അത് എന്നെ അറിയിക്കണമെന്ന് ഞാൻ നേരത്തേതന്നെ പ്രഖ്യാപിച്ചിട്ടുള്ള കാര്യം താങ്കൾക്ക് മനസ്സിലാകുമായിരുന്നു. അങ്ങനെയുള്ള ഏതൊരു ഉപഭോക്താവിനും നൽകിയ തുക തിരികെ നൽകുന്നതാ യിരിക്കും.''

ഹദ്റത്ത് മസീഹ് മൗഊദ്(അ) സുർമയെ ചഷ്മെ ആര്യ എന്ന ഗ്രന്ഥത്തിന്റെ രചനയിൽ ഏർപ്പെട്ടിരുന്നതിനാൽ ബറാഹീനെ അഹ്മദിയ്യയുടെ പ്രസിദ്ധീകരണം വൈകാൻ സാധ്യതയുണ്ടെന്ന് നേരത്തേതന്നെ അറിയിച്ചിരുന്നു. അതിനാൽ, ആർക്കെങ്കിലും തിടുക്കമുണ്ടാകുകയും താൻ നൽകിയ പണം തിരികെ ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ അപ്രകാരം ചെയ്യാമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതി: ''കൂടാതെ, ദുഷ്ചിന്തകൾ വെച്ചുപുലർത്തുകയും മോശമായതോ അനുചിതമായതോ ആയ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നവർക്ക് ഞങ്ങളെ യാതൊരു വിധത്തിലും ഉപദ്രവിക്കാൻ കഴിയില്ലെന്ന കാര്യവും താങ്കൾ മനസ്സിലാക്കണം. മറിച്ച്, ദുഷ്ചിന്തകൾ വെച്ചു പുലർത്തുന്നതിലൂടെ അവർ താഴെ പറയുന്ന വാക്കുകളുടെ സാക്ഷാത്കാരമായി മാറുകയാണ് ചെയ്യുന്നത്:

خَسِرَ الدُّنْيَا وَالْآخِرَةَ

'അവൻ ഇഹലോകവും പരലോകവും നഷ്ടപ്പെടുത്തിയിരിക്കുന്നു.'

ഈ മുഴുവൻ സംരംഭവും മഹത്വത്തിന്റെ നാഥനായ അല്ലാഹുവിൽനിന്നുള്ളതാണ്. ഏറ്റവും ഉത്തമവും ശ്രേഷ്ഠവുമായ രീതിയിൽ അതിനെ പൂർത്തീകരിക്കുന്നതും അവൻ മാത്രമായിരിക്കും. (മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മറ്റുള്ളവരുടെ പണത്തിന്റെ ആവശ്യം അദ്ദേഹത്തിനില്ലായിരുന്നു. ഇത് അല്ലാഹു തആലയുടെ ദൗത്യമായിരുന്നു. അതിനെ അവൻ തന്നെ പൂർത്തീകരിക്കുമെന്ന കാര്യത്തിൽ അദ്ദേഹത്തിന് പൂർണമായ ഉറപ്പുണ്ടായിരുന്നു.)

മനുഷ്യരാശി മുഴുവനും ഇന്ന് താങ്കൾക്കുള്ളതുപോലെയുള്ള ചിന്തകൾ തങ്ങളുടെ ഹൃദയങ്ങളിൽ വളർത്തിയാലും നമുക്ക് അൽപംപോലും ദോഷം വരുത്താൻ അവർക്കാവില്ല. ഇരുട്ട് നിറഞ്ഞ ഒരു യുഗത്തിൽ നമ്മെ നിയോഗിച്ച നമ്മുടെ പരിപാലകനായ അല്ലാഹു നമ്മോടൊപ്പമുണ്ട്. അവൻ തന്നെ നമുക്ക് മതിയായവനാണ്.''

ഈ കത്തിനെക്കുറിച്ച് ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) നടത്തിയ വിശദീകരണം:

ഈ കത്തിനെക്കുറിച്ച് അഭിപ്രായപ്പെട്ടുകൊണ്ട് ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) പറയുന്നു: ''ഈ കത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ അല്ലാഹുവിലുള്ള പരിപൂർണമായ ഭരമേൽപ്പിക്കലിലേക്ക് വെളിച്ചം വീശുന്നു. ഇക്കാരണത്താലാണ് ദൈവിക വെളിപ്പാടിലൂടെ അദ്ദേഹത്തിന് മുതവക്കിൽ (അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്നവൻ) എന്ന പേര് നൽകപ്പെട്ടത്. ചുരുക്കത്തിൽ, ഈ കത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ പരിശുദ്ധവും മാതൃകാപരവുമായ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയാണ്.''(മക്തൂബാത്തെ അഹ്മദ്, വാല്യം 1, കത്ത് നമ്പർ 5, ഹാജി മുഹമ്മദ് വലിഉല്ലാഹ് സാഹിബിന് എഴുതിയത്, പേജുകൾ 399-400)

പ്രാർത്ഥനയും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലും

പ്രാർത്ഥനയെക്കുറിച്ചും അല്ലാഹു തആലയിൽ ഭരമേൽപ്പിക്കുന്നതിനെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: എല്ലാ പ്രയാസങ്ങളും പ്രാർത്ഥനയിലൂടെ പരിഹരിക്കപ്പെടുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

''എല്ലാ പ്രയാസങ്ങളും പ്രാർത്ഥനയിലൂടെ പരിഹരിക്കപ്പെടുന്നു. നമ്മുടെ കൈവശം എന്താണുള്ളത്? മറ്റൊരാളുടെ നന്മ ആഗ്രഹിക്കുന്നതിനായി നമുക്ക് എന്തെങ്കിലും മാർഗമുണ്ടെങ്കിൽ അത് എന്താണ്? അല്ലാഹു നമുക്ക് നൽകിയിട്ടുള്ള പ്രാർത്ഥന എന്ന ഉപകരണമല്ലാതെ മറ്റൊന്നുമല്ല അത്. അത് ഒരു സുഹൃത്തിനുവേണ്ടിയായാലും ശത്രുവിനുവേണ്ടിയായാലും, കറുപ്പിനെ വെളുപ്പാക്കാനോ വെളുപ്പിനെ കറുപ്പാക്കാനോ നമുക്ക് കഴിയില്ല. നമുക്ക് സ്വന്തമായി യാതൊരു ശക്തിയുമില്ല. നമുക്കുള്ളതെല്ലാം അല്ലാഹു തആല തന്റെ അനുഗ്രഹത്തിലൂടെ നമുക്ക് നൽകുന്നതു മാത്രമാണ്.''

അദ്ദേഹം തുടർന്നു പറഞ്ഞു: ''ഒരു വ്യക്തി പ്രയാസങ്ങളെ അഭിമുഖീകരിക്കുമ്പോൾ സ്വാഭാവികമായും അവന് ഉത്കണ്ഠയും മന:ക്ലേശവും അനുഭവപ്പെടുന്നു. എന്നിരുന്നാലും, അവൻ ഒരിക്കലും അല്ലാഹുവിലുള്ള തന്റെ ഭരമേൽപ്പിക്കൽ ഉപേക്ഷിക്കരുത്. ഇത്തരം ഉത്കണ്ഠാജനകമായ സാഹചര്യങ്ങൾ ഉണ്ടാകുന്നത് മനുഷ്യന്റെ സ്വഭാവഗുണങ്ങളും ആത്മീയ നിലവാരങ്ങളും വികസിക്കുന്നതിനും പുരോഗതി പ്രാപിക്കുന്നതിനും അനിവാര്യമാണ്. എന്നാൽ നിരാശ ഒരിക്കലും തന്നിലേക്ക് അടുക്കാൻ അവൻ അനുവദിക്കരുത്.''

ഒരു കാര്യം എത്രയും വേഗം പരിഹരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നതിനാൽ ഒരാൾക്ക് സ്വാഭാവികമായും അസ്വസ്ഥതയും ഉത്കണ്ഠയും ഉണ്ടാകാം. എന്നാൽ അത് അവനെ നിരാശയിലേക്ക് നയിക്കാനോ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കൽ ഉപേക്ഷിക്കാൻ കാരണമാകാനോ പാടില്ല.

''ഒരിക്കലും അങ്ങനെ സംഭവിക്കരുത്. കാരണം, നിരാശ അവിശ്വാസികളുടെ സ്വഭാവഗുണമാണ്. വിവിധ തരത്തിലുള്ള ചിന്തകളും സംശയങ്ങളും ഒരു വ്യക്തിയെ അലട്ടുകയും അവനിൽ ഉത്കണ്ഠയുണ്ടാക്കുകയും ചെയ്തേക്കാം. എന്നാൽ വിശ്വാസം ഈ സംശയങ്ങളെയും ആശങ്കകളെയും നീക്കിക്കളയുന്നു. മനുഷ്യപ്രകൃതി ഉത്കണ്ഠയ്ക്ക് കാരണമാകുമ്പോൾ വിശ്വാസം അതിനെ അകറ്റുന്നു.''(മൽഫൂസാത്ത്, 2022, വാല്യം 4, പേജുകൾ 271-272)

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യ പ്രകൃതിയുടെ സ്വഭാവം കാരണം ഒരാൾക്ക് അസ്വസ്ഥതയും ഉത്കണ്ഠയും ഉണ്ടായേക്കാം. എന്നാൽ വിശ്വാസം പൂർണതയിലെത്തുമ്പോൾ അത് അത്തരം അസ്വസ്ഥതകളെ അകറ്റുകയും വിജയത്തെക്കുറിച്ച് ദൃഢമായ വിശ്വാസം നൽകുകയും ചെയ്യുന്നു. അതിനാൽ, മനുഷ്യപ്രകൃതിയുടെ ആവശ്യങ്ങൾ കാരണം ഒരാൾക്ക് ഉത്കണ്ഠ അനുഭവപ്പെടാമെങ്കിലും, പരിപൂർണമായ വിശ്വാസമുള്ള ഒരു വ്യക്തി ഒടുവിൽ ആ ഉത്കണ്ഠയെ അതിജീവിക്കുന്നതാണ്.

പ്രാർത്ഥനയിലേക്കും അല്ലാഹുവിലുള്ള ആശ്രയബോധം വളർത്തിയെടുക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''പ്രാർത്ഥനയുടെ രണ്ടാമത്തെ വശം, ആത്മസംസ്കരണം നടത്തുകയും ശുഭകരമായ പര്യവസാനം

കൈവരിക്കുന്നതിനായി സൽപ്രവൃത്തികൾ ചെയ്യാനുള്ള കഴിവ് നേടിയെടുക്കുകയും ചെയ്യുക എന്നതാണ്. ഇതിൽ ഒരാൾ അല്ലാഹു തആലയിൽ എത്രത്തോളം ഭരമേൽപ്പിക്കുകയും അവനിൽ വിശ്വാസമർപ്പിക്കുകയും മടുപ്പില്ലാതെ മുന്നോട്ടുപോകുകയും ചെയ്യുന്നുവോ, അതിനനുസരിച്ച് അവൻ ഉത്തമമായ ഫലങ്ങളും നേട്ടങ്ങളും കൈവരിക്കുന്നതാണ്. എല്ലാ പ്രയാസങ്ങളും നീക്കം ചെയ്യപ്പെടുകയും പ്രാർത്ഥിക്കുന്ന വ്യക്തി തഖ്വയുടെ ഉന്നതമായ പദവിയിൽ എത്തിച്ചേരുകയും ചെയ്യും.''(മൽഫൂസാത്ത്, ഇംഗ്ലീഷ് പതിപ്പ്, വാല്യം 7, പേജ് 74)

ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ അല്ലാഹുവിലുള്ള ആശ്രയബോധത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രം രചിച്ചിട്ടുള്ള ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് ഇപ്രകാരം പറയുന്നു: ''ഒരു കേസിനു വേണ്ടിയുള്ള തയ്യാറെടുപ്പുകളിൽ അദ്ദേഹം പരമാവധി പരിശ്രമവും കഠിനാധ്വാനവും നടത്തിയിരുന്നുവെങ്കിലും, ആ മാർഗങ്ങളിൽ അദ്ദേഹം ഒരിക്കലും പൂർണമായി ആശ്രയിച്ചിരുന്നില്ല. മറിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രാർത്ഥനയിലേക്ക് തിരിയുകയും സർവശക്തനായ അല്ലാഹുവിനെ എപ്പോഴും തന്റെ മനസ്സിൽ നിലനിർത്തുകയും ചെയ്തിരുന്നു. ആരാധിക്കപ്പെടേണ്ടവനും തേടപ്പെടേണ്ടവനും അവൻ മാത്രമായിരുന്നു. തന്റെ എല്ലാ ആശ്രയവും ഭരമേൽപ്പിക്കലും അദ്ദേഹം അവനിൽ മാത്രമാണ് അർപ്പിച്ചിരുന്നത്.''(ഹയാത്തെ അഹ്മദ്, വാല്യം 1, ഭാഗം 3, പേജ് 317)

ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ ജീവിതത്തിലെ മറ്റൊരു സംഭവം

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവം ഇപ്രകാരമാണ്: ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്ക് അല്ലാഹുവിൽ നിന്ന് ദൗത്യം ലഭിച്ചതിനു ശേഷം, അദ്ദേഹത്തിന്റെ പിതാവിന്റെ സുഹൃത്തായിരുന്ന ഒരു വൃദ്ധനായ ഹിന്ദു ഖാദിയാനിൽ എത്തി. ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ ജീവിതസാഹചര്യങ്ങളെയും അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ ഭരമേൽപ്പിക്കലിനെയും സംബന്ധിച്ച ഒരു സംഭവം അദ്ദേഹം വിവരിച്ചു.

ഞാൻ അദ്ദേഹം ജനിക്കുന്നതിനു മുമ്പുതന്നെയുള്ള ആളാണ്. ഞാൻ അദ്ദേഹത്തെ മടിയിലിരുത്തി കളിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വിവരിച്ചു. പ്രായപൂർത്തിയായ കാലം മുതൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അത്യന്തം സദ്ഗുണസമ്പന്നനും ധർമനിഷ്ഠനുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദിനെ(അ) പ്രശംസിച്ചുകൊണ്ട് ആ ഹിന്ദു വ്യക്തി ഇപ്രകാരം പറഞ്ഞു: ''അദ്ദേഹം യാതൊരു ഐഹിക ജോലികളിലും ഏർപ്പെട്ടിരുന്നില്ല. മറ്റു കുട്ടികളെപ്പോലെ കളികളിലും വിനോദങ്ങളിലും മുഴുകിയിരുന്നുമില്ല. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഒരിക്കലും കുസൃതിയോ അച്ചടക്കമില്ലായ്മയോ അസത്യമോ അസഭ്യമായ സംസാരമോ ഉണ്ടായിരുന്നില്ല. ഞാനും എന്റെ സമപ്രായക്കാരും അദ്ദേഹത്തെ അലസനും പാവത്താനും ബുദ്ധിയില്ലാത്തവനുമായാണ് കരുതിയിരുന്നത്. 'ഈ മനുഷ്യൻ എങ്ങനെയാണ് ഒരു കുടുംബം പുലർത്തുക? എങ്ങനെയാണ് ജീവിതം മുന്നോട്ടുകൊണ്ടുപോകുക?' എന്ന് ഞങ്ങൾ ചിന്തിക്കാറുണ്ടായിരുന്നു. അദ്ദേഹം എന്റെ കൈകളിലാണ് വളർന്നത്. ഒരു പ്രത്യേക മുറിയിൽ ഒതുങ്ങിക്കഴിയുക എന്നതല്ലാതെ അദ്ദേഹത്തിന് മറ്റൊരു ജോലിയും ഉണ്ടായിരുന്നില്ല. അദ്ദേഹം ആരെയും അടിക്കാറില്ലായിരുന്നു; അതുപോലെ മറ്റാരാലും അടിക്കപ്പെട്ടിരുന്നുമില്ല.''

യുവാക്കളുടെ ഇടയിൽ സാധാരണയായി കണ്ടുവരുന്ന ഒരു സ്വഭാവമാണിത്: അവർ തമ്മിൽ വഴക്കുകളും തർക്കങ്ങളും ഉണ്ടാകാറുണ്ട്. പുറത്തുപോ കുമ്പോൾ ചിലപ്പോൾ അവർ മറ്റുള്ളവരെ അടിക്കുകയോ മറ്റുള്ളവരിൽനിന്ന് അടി കൊള്ളുകയോ ചെയ്യാറുണ്ട്. അങ്ങനെയാണ് അവർ ഇത്തരം കാര്യങ്ങൾ പഠിക്കുന്നത്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതൊന്നും പഠിച്ചിട്ടില്ലാതിരുന്നതിനാൽ, അദ്ദേഹം പിന്നെ എന്താണ് ചെയ്യാൻ പോകുന്നതെന്നായിരുന്നു ആ വ്യക്തിയുടെ ചിന്ത. (ഇതെല്ലാം അദ്ദേഹം തികച്ചും ഐഹികമായ കാഴ്ചപ്പാടിലൂടെയാണ് വിലയിരുത്തിയിരുന്നത്.)

അദ്ദേഹം തുടർന്നു പറഞ്ഞു: ''അദ്ദേഹം ആരെക്കുറിച്ചും മോശമായി സംസാരിക്കാറില്ലായിരുന്നു. അതുപോലെ, ആരെയും തന്നെക്കുറിച്ച് മോശമായി സംസാരിക്കാൻ അനുവദിച്ചിരുന്നുമില്ല. അത്യന്തം പരിശുദ്ധമായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. എന്നാൽ ഞങ്ങളുടെ കാഴ്ചപ്പാടിൽ അതൊരു നല്ല ജീവിതമായിരുന്നില്ല. മതപരമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തുകയാണെങ്കിൽ തീർച്ചയായും അതൊരു വളരെ പരിശുദ്ധമായ ജീവിതമായിരുന്നു. എന്നാൽ ഞങ്ങളെപ്പോലെയുള്ള ഐഹിക കാര്യങ്ങളിൽ മുഴുകിയിരുന്നവരുടെ കാഴ്ചപ്പാടിൽ അത് നല്ലൊരു ജീവിതമായിരുന്നില്ല. അദ്ദേഹം എവിടെയും പോകാറില്ലായിരുന്നു. പ്രത്യേകിച്ച് എന്തെങ്കിലും കാര്യമില്ലെങ്കിൽ അധികം സംസാരിക്കാറുമില്ലായിരുന്നു.

ഞങ്ങൾ അദ്ദേഹത്തോട് എന്തെങ്കിലും പറയുകയാണെങ്കിൽ, ഉദാഹരണത്തിന്, 'ലോകത്ത് എന്താണ് നടക്കുന്നതെന്ന് നോക്കൂ! നിങ്ങളും മറ്റുള്ളവരെപ്പോലെ ജീവിക്കണം. കുറഞ്ഞപക്ഷം കളിക്കാനും വിനോദത്തിനുമായി എങ്കിലും പുറത്തേക്ക് വരൂ' എന്ന് പറയുമ്പോൾ അദ്ദേഹം ഒന്നും മറുപടി പറയാറില്ലായിരുന്നു. പകരം പുഞ്ചിരിച്ചുകൊണ്ട് നിശ്ശബ്ദനായി ഇരിക്കും. ഞങ്ങൾ അദ്ദേഹത്തോട്, 'ബോധത്തിലേക്ക് വരൂ! ഭക്ഷണം കഴിക്കണം, എന്തെങ്കിലും സമ്പാദിക്കണം, ജോലികളൊക്കെ ചെയ്യണം' എന്ന് പറയുമായിരുന്നു. ഇതെല്ലാം കേട്ടിട്ടും അദ്ദേഹം മൗനം പാലിക്കുകയായിരുന്നു പതിവ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ പിതാവ് എന്നോട് ഇപ്രകാരം പറയുമായിരുന്നു:'അധികാരീ,പോയി ഗുലാം അഹ്മദിനെ വിളിച്ചുകൊണ്ടുവരൂ. നമുക്ക് അവനെ ഉപദേശിക്കാം.' അപ്പോൾ ഞാൻ പോയി അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരും. പിതാവിന്റെ കൽപ്പന കേൾക്കുമ്പോൾ അദ്ദേഹം ഉടൻതന്നെ വരുമായിരുന്നു. നിശ്ശബ്ദനായി ഇരിക്കുകയും തല താഴ്ത്തി ഇരിക്കുകയും ചെയ്യും.

അദ്ദേഹത്തിന്റെ പിതാവ് ഇപ്രകാരം പറയുമായിരുന്നു: 'ഗുലാം അഹ്മദ്, മകനേ! നിന്നെക്കുറിച്ച് എനിക്ക് വലിയ ആശങ്കയും ഉത്കണ്ഠയുമുണ്ട്. നീ എങ്ങനെയാണ് ഉപജീവനം നടത്തുക? എത്രകാലം ഇങ്ങനെ ജീവിതം മുന്നോട്ടുകൊണ്ടു പോകും? എന്തെങ്കിലും ജോലി ചെയ്ത് ഉപജീവനം നേടൂ. എത്രകാലമാണ് ഒരു വധുവിനെപ്പോലെ ഒതുങ്ങിക്കഴിയുക? ഭക്ഷണത്തിനും ഉപജീവനത്തിനും വേണ്ടിയുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. നോക്കൂ, ലോകത്തിലുള്ളവർ സമ്പാദിക്കുകയും ഭക്ഷിക്കുകയും കുടിക്കുകയും ജോലികളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഒരുനാൾ നീ വിവാഹിതനാകും. നിനക്ക് ഭാര്യയും മക്കളുമുണ്ടാകും. അവർക്ക് ഭക്ഷണവും പാനീയവും വസ്ത്രവും ആവശ്യമായി വരും. അവരുടെ ഉത്തരവാദിത്വം നിനക്കായിരിക്കും. അവരെ സംരക്ഷിക്കേണ്ടത് നിന്റെ കടമയാണ്. ഈ അവസ്ഥയിൽ നിന്റെ വിവാഹം നടത്താൻ പോലും എനിക്ക് ഭയമാണ്. യാഥാർഥ്യത്തെ അഭിമുഖീകരിക്കുകയും ഈ അശ്രദ്ധയും ലളിത ജീവിതരീതിയും ഉപേക്ഷിക്കുകയും ചെയ്യുക. ഞാൻ എത്രകാലം ജീവിച്ചിരിക്കുമെന്ന് അറിയില്ല. പ്രമുഖരായ ബ്രിട്ടീഷ് ഉദ്യോഗസ്ഥരെയും ഭരണാധികാരികളെയും എനിക്ക് പരിചയമുണ്ട്. അവർക്ക് എന്നോട് വലിയ ആദരവുമുണ്ട്. നിനക്കുവേണ്ടി ഞാൻ ഒരു ശുപാർശക്കത്ത് എഴുതിത്തരാം. നീ തയ്യാറാകൂ. അല്ലെങ്കിൽ, നിനക്ക് താൽപര്യമുണ്ടെങ്കിൽ ഞാൻ തന്നെ നിന്നോടൊപ്പം വരികയും നിനക്കുവേണ്ടി ശുപാർശ ചെയ്യുകയും ചെയ്യാം.'

മിർസാ ഗുലാം അഹ്മദ് യാതൊരു മറുപടിയും നൽകാറില്ലായിരുന്നു. മിർസാ ഗുലാം മുർതസാ സാഹിബ് ഇതേ കാര്യം ആവർത്തിച്ച് അദ്ദേഹത്തോട് പറയുമായിരുന്നു. ഒടുവിൽ അദ്ദേഹം മറുപടി നൽകുമ്പോൾ ഇപ്രകാരം പറയുമായിരുന്നു: 'പിതാവേ, അങ്ങയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. എല്ലാ ഉദ്യോഗസ്ഥരുടെയും അധികാരിയായ, എല്ലാ ഭരണാധികാരങ്ങളുടെയും ഉടമയായ, ഏറ്റവും ഉത്തമനായ ന്യായാധിപനായ ഒരു യജമാനന്റെ കീഴിലാണ് ഞാൻ ജോലിചെയ്യുന്നത്. അതായത്, എല്ലാ രാജ്യങ്ങളുടെയും അധിപനായ അല്ലാഹുവിന്റെ ദാസനാണ് ഞാൻ. സർവലോകങ്ങളുടെയും രക്ഷിതാവായ എന്റെ നാഥനോട് ഞാൻ അനുസരണയുള്ളവനുമാണ്. അങ്ങനെയിരിക്കെ, മറ്റാരുടെയെങ്കിലും ജോലിയെക്കുറിച്ച് ഞാൻ എന്തിന് ആശങ്കപ്പെടണം? എന്നിരുന്നാലും, അങ്ങയുടെ കൽപ്പനയും ഞാൻ അനുസരിക്കാതിരിക്കില്ല. അങ്ങ് എന്നോട് ഒരു ജോലി ഏറ്റെടുക്കാൻ ആവശ്യപ്പെടുകയാണെങ്കിൽ ഞാൻ അതും ചെയ്യാം.'

ഈ മറുപടി കേൾക്കുമ്പോൾ മിർസാ ഗുലാം മുർതസാ സാഹിബ് നിശ്ശബ്ദനാകും. എന്നിട്ട്, 'ശരി മകനേ, നീ പോയി നിന്റെ ഏകാന്തവാസസ്ഥലത്ത് ഇരുന്നുകൊള്ളൂ' എന്ന് പറയും.''

അദ്ദേഹം അവിടെനിന്ന് പോയിക്കഴിഞ്ഞാൽ, ഈ സംഭവം വിവരിച്ചുകൊണ്ടിരുന്ന ആ ഹിന്ദു വ്യക്തി പറയുമായിരുന്നു: ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) അവിടെനിന്ന് പോയതിനു ശേഷം - അക്കാലത്ത് അദ്ദേഹം യുവാവായിരുന്നു - അദ്ദേഹത്തിന്റെ പിതാവ് ഞങ്ങളോട് ഇപ്രകാരം പറയുമായിരുന്നു: ''എന്റെ മകൻ ഒരു മൗലവിയായി ജീവിക്കാനാണ് പോകുന്നത്. കുറഞ്ഞപക്ഷം അവന് പത്തോ ഇരുപതോ മൗണ്ട് ധാന്യം വരുമാനമായി ലഭിക്കുന്ന ഒരു പള്ളിയെങ്കിലും ഞാൻ കണ്ടെത്തിക്കൊടുക്കണം. എന്നാൽ എനിക്ക് എന്തുചെയ്യാൻ കഴിയും? ഒരു മൗലവിയുടെ ജോലിക്ക് പോലും അവൻ അനുയോജ്യനല്ല. ഞങ്ങൾ ഇല്ലാതായാൽ അവൻ എങ്ങനെ ജീവിക്കും? അവൻ തീർച്ചയായും ഭക്തനും സദ്വൃത്തനുമാണ്. എന്നാൽ ഇത്തരം ആളുകൾക്ക് യോജിച്ച കാലമല്ല ഇത്. ഇത് ബുദ്ധിയും കൗശലവുമുള്ള ആളുകളുടെ കാലമാണ്.''

ഇത്രയും പറഞ്ഞശേഷം അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുകയും അദ്ദേഹം വികാരാധീനനായി ഇപ്രകാരം പറയുകയും ചെയ്യുമായിരുന്നു: ''ഗുലാം അഹ്മദിനുള്ള പരിശുദ്ധി ഞങ്ങളിൽ എവിടെയാണുള്ളത്? ഈ മനുഷ്യൻ ഭൂമിയിലുള്ളവനല്ല; സ്വർഗീയനാണ്. അവൻ ഒരു സാധാരണ മനുഷ്യനല്ല; ഒരു മലക്കാണ്.''

ഇത്രയും പറഞ്ഞപ്പോൾ ആ വൃദ്ധനായ ഹിന്ദുവിന്റെയും കണ്ണുകൾ നിറഞ്ഞു. ഈ സംഭവം വിവരിച്ചുകൊടിരുന്ന ആ വൃദ്ധൻ കരയാൻ തുടങ്ങി. അദ്ദേഹം ഇപ്രകാരം പറഞ്ഞു: ''മിർസാ ഗുലാം മുർതസാ ഇന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! (ആ ഹിന്ദു വ്യക്തി അദ്ദേഹത്തിന്റെ പഴയ സുഹൃത്തായിരുന്നു.) തന്റെ മകൻ ഇത്രയധികം ഉയർച്ചയും പുരോഗതിയും കൈവരിച്ചത് അദ്ദേഹത്തിന് നേരിൽ കാണാൻ കഴിയുമായിരുന്നല്ലോ! ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ പിതാവിന് തന്റെ മകൻ കൈവരിച്ച ഉന്നതമായ പദവി കാണാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ലോകത്തിലെ ബുദ്ധിമാന്മാരും മൗലവിമാരും ഇന്ന് അദ്ദേഹത്തിന്റെ വാതിൽക്കൽ ആശ്രയിക്കുന്നവരായി മാറിയിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് ഇത്രയും ഉന്നതമായ ഒരു പദവി നൽകുകയും അവനിലൂടെ തന്റെ ശക്തി ഇത്തരത്തിൽ പ്രകടമാക്കുകയും ചെയ്തിരിക്കുന്നു; അതിന്റെ മുന്നിൽ മറ്റുള്ളവരുടെ മുഴുവൻ വിജ്ഞാനവും ബുദ്ധിയും നിസ്സാരമായി തോന്നുന്നു.''(തദ്കിറത്തുൽ മഹ്ദി, പേജുകൾ 300-302)

അതിനാൽ, മിർസാ ഗുലാം മുർതസാ സാഹിബ് ഇന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുകയും അവന്റെ മാർഗത്തിൽ സർവതും ത്യജിക്കുകയും

ചെയ്തിരുന്ന ആ വ്യക്തിയിൽ നിന്നാണ് ഇന്ന് ലോകം മുഴുവൻ വിജ്ഞാനം നേടിക്കൊിരിക്കുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലാകുമായിരുന്നുവെന്ന് ആ ഹിന്ദു വ്യക്തി അംഗീകരിക്കുകയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഒരിക്കൽ എനിക്ക് 50 രൂപയുടെ ആവശ്യമുണ്ടായി. ദാരിദ്ര്യത്തിലും അല്ലാഹുവിൽ ഭരമേൽപ്പിച്ചും ജീവിതം നയിക്കുന്നവരുടെ കാര്യത്തിൽ ചില പ്പോൾ സംഭവിക്കാറുള്ളതുപോലെ, ആ സമയത്ത് നമ്മുടെ കൈവശം യാതൊന്നുമുണ്ടായിരുന്നില്ല. അങ്ങനെ, രാവിലെ നടക്കാനായി പുറത്തുപോ യപ്പോൾ ഈ ആവശ്യത്തെക്കുറിച്ചുള്ള ചിന്ത വിജനമായ സ്ഥലത്ത് വെച്ച് പ്രാർത്ഥിക്കാൻ എന്നെ പ്രേരിപ്പിച്ചു. നാം ആളൊഴിഞ്ഞ ഒരു സ്ഥലത്തേക്ക് പോയി, ഖാദിയാനിൽ നിന്ന് ബട്ടാലയുടെ ദിശയിൽ മൂന്ന് മൈൽ അകലെയുള്ള അരുവിയുടെ സമീപത്തുവെച്ച് പ്രാർത്ഥിച്ചു.

പ്രാർത്ഥന അവസാനിച്ച ഉടൻതന്നെ എനിക്ക് ഒരു വെളിപ്പാട് ലഭിച്ചു. അതിന്റെ പരിഭാഷ ഇപ്രകാരമായിരുന്നു: 'ഞാൻ നിന്റെ പ്രാർത്ഥനകൾ എങ്ങനെയാണ് സ്വീകരിക്കുന്നതെന്ന് നോക്കുക.' തുടർന്ന് നാം സന്തോഷത്തോടെ ഖാദിയാനിലേക്ക് മടങ്ങി. തപാൽ ഓഫീസിൽ അന്വേഷിക്കുന്നതിനായി ചന്തയിലേക്ക് പോയി. (അദ്ദേഹം തന്റെ അവകാശവാദം ഉന്നയിക്കുന്നതിനുമുമ്പുള്ള കാലത്തായിരുന്നു ഇത്.) അന്ന് നമ്മുടെ പേരിൽ എന്തെങ്കിലും പണം വന്നിട്ടുണ്ടോ എന്ന് അറിയാനായിരുന്നു നമ്മുടെ ആഗ്രഹം. അങ്ങനെ, ലുധിയാനയിൽനിന്ന് ഒരാൾ 50 രൂപ അയച്ചിട്ടുണ്ടെന്ന വിവരം അടങ്ങിയ ഒരു കത്ത് ലഭിച്ചു. ആ പണം അന്നുതന്നെയോ അല്ലെങ്കിൽ അടുത്ത ദിവസമോ ഞങ്ങൾക്ക് ലഭിച്ചിരിക്കാനാണ് ഏറ്റവും കൂടുതൽ സാധ്യത.'' (നുസൂലുൽ മസീഹ്, റൂഹാനി ഖസാഇൻ, വാല്യം 18, പേജ് 612)

പ്രാർത്ഥനയുടെ പ്രാധാന്യവും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലും

പ്രാർത്ഥനയിലൂടെ പ്രയാസങ്ങൾ പരിഹരിക്കപ്പെടുമെന്ന മുസ്ലിംകളുടെ വിശ്വാസം അവരെ വളരെയധികം ദുർബലരാക്കുന്നുവെന്ന ഒരു പ്രമുഖ വ്യക്തിയുടെ അഭിപ്രായം കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു. അതായത്, പ്രയാസങ്ങൾ പരിഹരിക്കാനുള്ള മാർഗമായി പ്രാർത്ഥനയെ കാണുന്നത് പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതിൽനിന്ന് അവരെ തടയുന്നുവെന്നും, ചിലർ പ്രാർത്ഥനയിൽ മാത്രം അഭയം തേടുകയും ലഭ്യമായ മാർഗങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിനാൽ അവർ ദുർബലരായിത്തീരുന്നുവെന്നുമായിരുന്നു ആ വ്യക്തിയുടെ വാദം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ''പ്രാർത്ഥനയെ നിഷേധിക്കുന്നവൻ ദൈവത്തെയാണ് നിഷേധിക്കുന്നത്. ദൈവത്തെ തിരിച്ചറിയുന്നതിനുള്ള ഏക മാർഗം പ്രാർത്ഥനയാണ്. ഇപ്പോൾ അവന്റെ അധികാരം ഇഷ്ടത്തോടെയോ നിർബന്ധിതമായോ അംഗീകരിക്കേണ്ട സമയം വന്നിരിക്കുന്നു. യഥാർത്ഥ ത്തിൽ, എല്ലായിടത്തും നിരീശ്വരവാദമാണ് പ്രബലമായിരിക്കുന്നത്. ഇന്നത്തെ സദസ്സുകളുടെ അവസ്ഥ ഇപ്രകാരമാണ്: പ്രാർത്ഥനയെയും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിനെയും 'ഇൻഷാ അല്ലാഹ്' (അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ) എന്ന് പറയുന്നതിനെയും പരിഹസിക്കുന്നവർ ഇത്തരം കാര്യങ്ങളെ വിഡ്ഢിത്തമായാണ് കണക്കാക്കുന്നത്. (ഇന്നത്തെ കാലത്ത് ഇത്തരം സാഹചര്യങ്ങൾ കൂടുതൽ വ്യാപകമായിരിക്കുന്നു.) അല്ലാത്തപക്ഷം, അവർക്ക് ദൈവത്തോട് അൽപമെങ്കിലും സ്നേഹമുണ്ടായിരുന്നുവെങ്കിൽ അവന്റെ നാമം കേൾക്കുമ്പോൾ അവർക്ക് എന്തിനാണ് അസ്വസ്ഥതയുണ്ടാകുന്നത്? ഒരാൾ മറ്റൊരാളെ സ്നേഹിക്കുന്നുവെങ്കിൽ ഏതെങ്കിലും വിധത്തിൽ തന്റെ പ്രിയപ്പെട്ടവന്റെ പേര് അവൻ തീർച്ചയായും പരാമർശിക്കും. അവരുടെ കാഴ്ചപ്പാടിൽ ദൈവം ഒന്നുമല്ലെങ്കിൽ, മരണത്തിന്റെ കവാടം തുറന്നുകിടക്കുകയാണല്ലോ; എങ്കിൽ അതടച്ചുനോക്കട്ടെ!

നമ്മൾ അവന്റെ അസ്തിത്വത്തിൽ പ്രതീക്ഷയർപ്പിക്കുന്ന അതേ അളവിൽ മറുവിഭാഗം അവനെക്കുറിച്ച് നിരാശരായിരിക്കുന്നുവെന്നത് ആശ്ചര്യകരമാണ്. (അതായത്, ദൈവവിശ്വാസത്തെ എതിർക്കുന്നവരും നിരീശ്വരവാദികളുമായ ആളുകൾ.) യഥാർത്ഥത്തിൽ, ദൈവത്തിന്റെ അനുഗ്രഹം അനിവാര്യമാണ്. അവൻ ഹൃദയത്തിന്റെ പൂട്ടുകൾ തുറക്കുന്നില്ലെങ്കിൽ മറ്റാർക്കാണ് അവ തുറക്കാൻ കഴിയുക? അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അവന്റെ വചനങ്ങൾ മനസ്സിലാക്കാനുള്ള വിവേകം ഒരു നായയ്ക്കുപോലും നൽകാൻ അവന് കഴിയും. അതേസമയം, ഒരു മനുഷ്യനെ അതിൽനിന്ന് അവൻ അകറ്റുകയും ചെയ്യാം.''(മൽഫൂസാത്ത്, വാല്യം 6, പേജുകൾ 169-170)

ഹദ്റത്ത് മിയാൻ അല്ലാഹ് യാർ സാഹിബ് എന്ന കരാറുകാരൻ വിവരിക്കുന്നു: ''ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നെ വിളിച്ചിട്ട് ഇപ്രകാരം ചോദിച്ചു: 'നിങ്ങളുടെ കൈവശം കുറച്ച് മരത്തടികളുണ്ടോ?' ഞാൻ മറുപടി പറഞ്ഞു: 'അതെ, ഹുസൂർ! കുറച്ച് ഇലന്തമരത്തിന്റെയും അക്കേഷ്യയുടെയും അരയാലിന്റെയും തടികൾ എന്റെ കൈവശമുണ്ട്.'

അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അതിഥിമന്ദിരത്തിലേക്ക് കുറച്ച് കട്ടിലുകൾ(ചാർപായികൾ) നിർമ്മിക്കുന്നുണ്ട്. അവയുടെ കാലുകൾ ഉണ്ടാക്കേണ്ടതുണ്ട്. അതിനായി മരത്തടികൾ ആവശ്യമാണ്.'

ഞാൻ പറഞ്ഞു: 'അരയാൽത്തടി ഉപയോഗിച്ച് നമുക്ക് അവയുടെ കാലുകൾ നിർമ്മിക്കാം.'

അപ്പോൾ ഒരാൾ പറഞ്ഞു: 'ഹുസൂർ! അരയാൽത്തടി ദുർബലമാണ്. അതുകൊണ്ട് നിർമ്മിക്കുന്ന കാലുകൾക്ക് അധികകാലം ഈടുനിൽക്കുകയില്ല.'

അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇവ ആർക്കുവേണ്ടിയാണോ നിർമ്മിക്കുന്നത്, അവൻ ദരിദ്രനല്ല. അവൻ സർവ സ്വയംപര്യാപ്തനാണ്.' (അതായത്, നാം ഇത് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയാണ് നിർമ്മിക്കുന്നത്. അതിനാൽ കുഴപ്പമില്ല. കുറച്ചുകാലമെങ്കിലും അവ ഈടുനിൽക്കുമല്ലോ. ഇപ്പോഴത്തെ സാഹചര്യത്തിൽ അത്രയും മതിയാകും.)

അദ്ദേഹം വീണ്ടും പറഞ്ഞു: 'ആദ്യത്തെ വസ്ത്രം പഴകുമ്പോൾ അവൻ പുതിയൊന്ന് നൽകും. അതിനാൽ വിഷമിക്കേണ്ട ആവശ്യമില്ല.'

തുടർന്ന് 20 കട്ടിലുകൾ നിർമ്മിച്ച് കൊണ്ടുവരാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് നിർദേശിച്ചു. എന്തായാലും എല്ലാ വസ്തുക്കളും ഒരുനാൾ കേടുവരേണ്ടതാണ്. എന്നാൽ അല്ലാഹുവിലുള്ള അചഞ്ചലമായ ഭരമേൽപ്പിക്കലോടെ അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'നൽകുന്നവൻ അല്ലാഹുവാണ്. എന്തെങ്കിലും കേടുവന്നാൽ അതിനു പകരം വീണ്ടും ആവശ്യമായ ക്രമീകരണം അവൻ ചെയ്തുതരും.' എന്തായാലും ആ ആവശ്യം നിറവേറ്റാൻ അദ്ദേഹം എന്നോട് നിർദേശിച്ചു.

അദ്ദേഹം തുടർന്നു പറയുന്നു: '20 കട്ടിലുകളുടെ കാലുകൾ നിർമ്മിക്കാനുള്ള നിർദേശം ലഭിച്ചതിനാൽ ഞാൻ അവിടെനിന്ന് പോകാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ ഒരു കൊല്ലപ്പണിക്കാരനും അവിടെ വന്നു. അഹ്മദിയ്യാ വിരുദ്ധരിൽനിന്ന് താൻ നേരിടുന്ന പീഡനങ്ങളെക്കുറിച്ച് അദ്ദേഹം വിവരിച്ചു. അദ്ദേഹം പറഞ്ഞു: ''ഗ്രാമത്തിൽ ഞാൻ ഒറ്റയ്ക്കായിരിക്കുമ്പോൾ അവർ എന്നെ ഉപദ്രവിക്കാറുണ്ട്. അവരുടെ ക്രൂരതകളിൽനിന്ന് അല്ലാഹു തആല എന്നെ രക്ഷിക്കാനായി പ്രാർത്ഥിക്കണം. അവർ എന്റെ ആൻവിൽ (ഇരുമ്പ് ചൂടാക്കി അടിച്ചുപരത്തുന്നതിനായി ഉപയോഗിക്കുന്ന കനത്ത ഇരുമ്പുകട്ട) മോഷ്ടിച്ചുകൊണ്ടുപോയി. ഇപ്പോൾ അത് ഇല്ലാത്തതിനാൽ എനിക്ക് ജോലി ചെയ്യാൻ കഴിയുന്നില്ല.''

അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോട് പറഞ്ഞു: ''അല്ലാഹുവിൽ ഭരമേൽപ്പിക്കുക. അല്ലാഹു തആല നിങ്ങൾക്ക് സഹായിയും സംരക്ഷകനുമായിരിക്കും. ഒരു കാര്യം തീർച്ചയായും ഓർക്കുക: അല്ലാഹുവിന്റേതായിരിക്കുന്നവന് അല്ലാഹുവും സ്വന്തമായിരിക്കും. (അഹ്മദിയായതിന്റെ പേരിലാണ് നിങ്ങൾ പ്രയാസങ്ങൾ അനുഭവിക്കുന്നതെങ്കിൽ, ഇൻഷാ അല്ലാഹ്, ഈ പ്രയാസങ്ങൾ നീക്കം ചെയ്യപ്പെടും. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യും.) നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിക്കാത്തിടത്തോളം കാലം അവൻ നിങ്ങൾക്ക് ഉപജീവനം നൽകുന്നതാണ്. ഞങ്ങളും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ്.'' (രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 465)

ഈ സദസ്സിൽ സ്വന്തം ജീവിതത്തിലെ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിനെക്കുറിച്ച് വിവരിച്ചുകൊണ്ടിരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ), മറ്റൊരു വ്യക്തിയോടും അല്ലാഹുവിൽ ഭരമേൽപ്പിക്കാനും പ്രാർത്ഥിക്കാനും ഉപദേശിക്കുകയുണ്ടായി.

പ്രതിസന്ധികളിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കാനുള്ള ഉപദേശം

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ആത്മാർഥനായ ഒരു അനുയായിക്ക് നൽകിയ ഉപദേശത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്.

ഒരു നിവേദനപ്രകാരം, ഫൈസുല്ലാഹ് ചക്കിൽ താമസിച്ചിരുന്ന ഹാഫിസ് നൂർ മുഹമ്മദ് സാഹിബ്, ഹാഫിസ് ഹമീദ് അലി സാഹിബിൽനിന്ന് താൻ ഇപ്രകാരം കേട്ടിട്ടുണ്ടെന്ന് അദ്ദേഹത്തിന് എഴുതി:

''ഒരാൾക്ക് ഏതെങ്കിലും കോടതി കേസിലോ മറ്റെന്തെങ്കിലും കാര്യത്തിലോ ഒരു ഭരണാധികാരിയുടെ മുമ്പാകെ ഹാജരാകേണ്ടിവന്നാൽ, അവിടെ പോകുന്നതിനുമുമ്പ് സൂറത്തുൽ ഫാതിഹ ഏഴു പ്രാവശ്യം പാരായണം ചെയ്യണം. കൂടാതെ, തന്റെ വിരൽകൊണ്ട് നെറ്റിയിൽ ഏഴു പ്രാവശ്യം 'യാ അസീസ്' (ഓ പ്രതാപശാലിയായവനേ!) എന്ന് എഴുതുകയും വേണം. ഇപ്രകാരം ചെയ്താൽ അല്ലാഹു തആല വിജയം നൽകുന്നതാണ്.''

ഇതിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എഴുതുന്നു: ''അല്ലാഹുവല്ലാത്ത മറ്റാരെയും ആശ്രയിക്കാത്ത ഒരു മാനസികാവസ്ഥ സൃഷ്ടിക്കുന്നതിനും അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്ന അവസ്ഥ കൈവരിക്കുന്നതിനും വേണ്ടിയായിരിക്കാം അദ്ദേഹം ഇപ്രകാരം ഉപദേശിച്ചത്.'' (സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 2, നിവേദനം 468, പേജുകൾ 441-442)

അതായത്, ഒരാൾ ഈ രീതിയിൽ പ്രാർത്ഥിക്കുമ്പോൾ അവന്റെ ശ്രദ്ധ പൂർണമായും അല്ലാഹു തആലയിലേക്ക് തിരിയുകയും അല്ലാഹുവല്ലാത്ത മറ്റാരെയെങ്കിലും ഭയപ്പെടുന്ന അവസ്ഥ ഇല്ലാതാകുകയും ചെയ്യുന്നു. ഇൻഷാ അല്ലാഹ്, അല്ലാഹു അവന്റെ അനുഗ്രഹവും അവനുമേൽ ചൊരിയുന്നതാണ്.

കോടതി വ്യവഹാരങ്ങളിലെ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കൽ

കോടതി കേസുകളിലെ വിധികളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു:

''എന്റെ സ്വന്തം നിലപാട് ഇതാണ്: ഏറ്റവും മോശപ്പെട്ട ഒരു മനുഷ്യൻ പോലും ഒരു കോടതി കേസ് കൊണ്ടുവന്നാലും അവിടെ അല്ലാഹുവിന്റെ അധികാരമാണ് പ്രവർത്തിക്കുന്നത്. സർവശക്തനായ അല്ലാഹു എന്താണോ ഉദ്ദേശിക്കുന്നത്, ആ വിധി പുറപ്പെടുവിക്കപ്പെടാൻ അവൻ കാരണമാകുന്നു. ഒരു മനുഷ്യനിൽ ഭരമേൽപ്പിക്കുന്നത് ശിർക്കാണ് (അല്ലാഹുവിൽ പങ്കുചേർക്കൽ). മറിച്ച്, ഒരാൾ തന്റെ കേസ് ഒരു ചെന്നായയുടെ മുമ്പാകെ കൊുപോയാൽ ആ ചെന്നായയ്ക്ക് പോലും മനസ്സിലാക്കാനുള്ള വിവേകം അല്ലാഹു നൽകുന്നതാണ്.'' (മൽഫൂസാത്ത്, 2022, വാല്യം 4, പേജ് 177)

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ എണ്ണമറ്റ കോടതി കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സർവശക്തനായ അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും ഭരമേൽപ്പിക്കലും അത്രത്തോളം ദൃഢമായിരുന്നു; എതിർകക്ഷികൾ വിജയിക്കുന്ന ഒരു സാഹചര്യം ഒരിക്കലും അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടില്ല. അത്തരമൊരു സാഹചര്യം ഉണ്ടാകുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നുമില്ല.

ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം ഹദ്റത്ത് മൗലവി അബ്ദുൽ കരീം സിയാൽക്കോട്ടി(റ) വിവരിക്കുന്നു:

ജില്ലാ സൂപ്രണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ വീട് പരിശോധിക്കുന്നതിനായി ഖാദിയാനിൽ എത്തിയ ദിവസം എനിക്ക് വ്യക്തമായി ഓർമയുണ്ട്. ആ പരിശോധന നടക്കാൻ പോകുന്നുവെന്നതിനെക്കുറിച്ച് മുൻകൂട്ടിയാതൊരു വിവരമോ അറിവോ ഉണ്ടായിരുന്നില്ല. അത്തരമൊരു വിവരം ലഭിക്കാൻ സാധ്യതയുമുണ്ടായിരുന്നില്ല.

അന്ന് രാവിലെ നമ്മുടെ ആദരണീയനായ മിർ സാഹിബ് (അതായത് മിർ നാസിർ നവാബ് സാഹിബ്) എവിടെനിന്നോ ഒരു വിവരം കേട്ടു: ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറസ്റ്റ് ചെയ്യുന്നതിന് കൈവിലങ്ങുകളോടുകൂടി അറസ്റ്റ് വാറണ്ടുമായി വരുമെന്നായിരുന്നു അത്.

ഇത് കേട്ട മിർ സാഹിബ് ആകെ പരിഭ്രാന്തനാകുകയും അതീവ ഉത്കണ്ഠാകുലനാകുകയും ചെയ്തു. അദ്ദേഹം വേഗത്തിൽ അകത്തേക്ക് ചെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരം അറിയിക്കാൻ ശ്രമിച്ചു. എന്നാൽ വികാരാധീനനായിരുന്നതിനാൽ കാര്യങ്ങൾ ശരിയായി വിശദീകരിക്കാൻ പോലും അദ്ദേഹം വളരെ പ്രയാസപ്പെട്ടു. (കൈവിലങ്ങുകളോടും അറസ്റ്റ് വാറണ്ടോടും കൂടിയാണ് ഉദ്യോഗസ്ഥർ വരുന്നതെന്ന വാർത്ത അദ്ദേഹത്തെ അത്രത്തോളം വികാരാധീനനാക്കിയിരുന്നു.)

ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൂറുൽ ഖുർആൻ എന്ന ഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. വളരെ സൂക്ഷ്മവും ഗഹനവുമായ ഒരു വിഷയത്തിൽ അദ്ദേഹം മുഴുകിയിരിക്കുകയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തല ഉയർത്തി നോക്കി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "മിർ സാഹിബേ! ഐഹികമായ സന്തോഷാവസരങ്ങളിൽ ആളുകൾ വെള്ളിയും സ്വർണവും കൊണ്ടുള്ള വളകൾ ധരിക്കാറുണ്ട്. എന്നാൽ സർവശക്തനായ അല്ലാഹുവിന്റെ മാർഗത്തിൽ ഇരുമ്പുകൊണ്ടുള്ള വളകൾ ധരിച്ചുവെന്ന് ഞാൻ കരുതിക്കൊള്ളാം." (അല്ലാഹുവിലുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ അഗാധമായ ഭരമേൽപ്പിക്കലാണ് ഈ വാക്കുകളിൽ പ്രകടമാകുന്നത്.)

അൽപസമയം നിശ്ശബ്ദനായിരുന്നശേഷം അദ്ദേഹം വീണ്ടും പറഞ്ഞു: "എന്നാൽ ഇത് ഒരിക്കലും സംഭവിക്കുകയില്ല. കാരണം, സർവശക്തനായ അല്ലാഹുവിന്റെ ഭരണത്തിന് അതിന്റേതായ യുക്തിപൂർണമായ നടപടിക്രമങ്ങളുണ്ട്. അല്ലാഹു തന്റെ ദൈവിക നിയോഗം ലഭിച്ച പ്രതിനിധികളെ അപമാനിതരാകാൻ അനുവദിക്കുകയില്ല." (മൽഫൂസാത്ത്, ഇംഗ്ലീഷ് പതിപ്പ്, വാല്യം 2, പേജ് 26)

കർമദീൻ കേസുമായി ബന്ധപ്പെട്ട സംഭവം

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എഴുതുന്നു: ഗുർദാസ്പൂരിൽ കർമദീനുമായി ബന്ധപ്പെട്ട കോടതി കേസ് നടന്നുകൊണ്ടിരുന്ന സമയത്ത്, മജിസ്ട്രേറ്റ് അടുത്ത വിചാരണയ്ക്കായി ഒരു തീയതി നിശ്ചയിച്ചിരുന്നു. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗ ഊദ്(അ) ഖാദിയാനിലായിരുന്നു. വിചാരണ തീയതിക്ക് രണ്ടുദിവസം മുമ്പ്, അടുത്ത വിചാരണയിൽ ഹാജരാക്കേണ്ട ചില അവലംബങ്ങൾ ശേഖരിച്ച് തയ്യാറാക്കുന്നതിനായി അദ്ദേഹം മൗലവി സർവർ ഷാ സാഹിബിനെ ഗുർദാസ്പൂരിലേക്ക് അയച്ചു.

മൗലവി സർവർ ഷാ സാഹിബ് വിവരിക്കുന്നു: "ഞങ്ങൾ ഗുർദാസ്പൂരിലെ വീട്ടിലെത്തിയപ്പോൾ വാതിൽക്കൽ നിന്ന് ഡോ. മുഹമ്മദ് ഇസ്മാഈൽ സാഹിബിനെ(റ) വിളിച്ചു." (അവർ അദ്ദേഹത്തിന്റെ വീട്ടിലെത്തുകയും വാതിൽ തുറക്കുകയും ചെയ്തു.)

അദ്ദേഹം തുടർന്നു പറയുന്നു: "ഞങ്ങൾ വിളിക്കുന്നത് കേട്ടയുടൻ ഡോക്ടർ സാഹിബ് നിയന്ത്രിക്കാനാവാത്ത വിധം കരയാൻ തുടങ്ങി. അദ്ദേഹം അത്യന്തം അസ്വസ്ഥനും ദു:ഖിതനുമായി കാണപ്പെട്ടു. കുറച്ചുസമയത്തിനുശേഷം കണ്ണുനീർ തുടച്ചുകൊണ്ട് അദ്ദേഹം താഴേക്ക് വന്നു. എന്നിട്ട് ഇപ്രകാരം പറഞ്ഞു:

'മുഹമ്മദ് ഹുസൈൻ മുൻഷി എന്റെ അടുത്ത് വന്നിരുന്നു. (അദ്ദേഹം കോടതിയിലെ ഒരു ഗുമസ്തനായിരുന്നു. അതോടൊപ്പം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ എതിരാളിയുമായിരുന്നു.) അദ്ദേഹം വന്ന് എന്നോട് ഇപ്രകാരം പറഞ്ഞു:

"ഇന്ന് ആര്യസമാജക്കാരുടെ ഒരു യോഗം നടന്നിരുന്നു. എന്റെ ഒരു ആര്യസമാജ സുഹൃത്ത് എന്നെയും ആ യോഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. യോഗം അവസാനിച്ചശേഷം മറ്റെല്ലാവരും പുറത്തുപോകണമെന്നും തങ്ങൾ ഒരു രഹസ്യയോഗം നടത്തുകയാണെന്നും അവർ അറിയിച്ചു. ഞാൻ ആ സുഹൃത്തിനോടൊപ്പം അവിടെത്തന്നെ നിന്നു. ഒരു മൂലയിൽ ഇരിക്കാനും പിന്നീട് ഒരുമിച്ച് പോകാമെന്നും അദ്ദേഹം എന്നോട് പറഞ്ഞു."

മുഹമ്മദ് ഹുസൈൻ തുടർന്നു പറഞ്ഞു: "അവരുടെ രഹസ്യയോഗത്തിനിടെ ഒരാൾ എഴുന്നേറ്റുനിന്നു. (മുഹമ്മദ് ഹുസൈന്റെ വിവരണമനുസരിച്ച്) ആ വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ പേര് പരാമർശിച്ചുകൊണ്ട് മജിസ്ട്രേറ്റിനോട് ഇപ്രകാരം പറഞ്ഞു:

'ഈ മനുഷ്യൻ ഞങ്ങളുടെ കടുത്ത ശത്രുവാണ്. ഞങ്ങളുടെ നേതാവായ ലേഖ്റാമിന്റെ കൊലപാതകിയും ഇയാളാണ്. ഇപ്പോൾ ഇയാൾ നിങ്ങളുടെ കൈകളിലുള്ള ഇരയാണ്. എല്ലാ ദിശകളിൽനിന്നും രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും കണ്ണുകൾ നിങ്ങളിലാണ്. ഈ ഇരയെ നിങ്ങളുടെ കൈകളിൽനിന്ന് രക്ഷപ്പെടാൻ അനുവദിച്ചാൽ നിങ്ങൾ രാജ്യത്തിന്റെ ശത്രുവായിത്തീരും.'

ഇതിനുശേഷം, മജിസ്ട്രേറ്റിനെ പ്രകോപിപ്പിക്കുന്നതിനും അദ്ദേഹത്തെ സ്വാധീനിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ആ വ്യക്തി മറ്റു പല കാര്യങ്ങളും പറഞ്ഞു."

"ഇതുകേട്ടപ്പോൾ മജിസ്ട്രേറ്റ് ഇപ്രകാരം മറുപടി പറഞ്ഞു: 'സാധ്യമാണെങ്കിൽ മിർസായെ മാത്രമല്ല, ഈ കേസിൽ അദ്ദേഹത്തിന്റെ എല്ലാ സഹപ്രവർത്തകരെയും സാക്ഷികളെയും നരകത്തിലേക്ക് അയക്കണമെന്ന ആഗ്രഹം എനിക്ക് നേരത്തേതന്നെയുണ്ട്. എന്നാൽ എന്തുചെയ്യാൻ കഴിയും? കേസ് വളരെ ബുദ്ധിപൂർവമായാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനാൽ അവർക്കെതിരെ നടപടിയെടുക്കാൻ എനിക്ക് യാതൊരു അവസരവും ലഭിക്കുന്നില്ല. എന്നിരുന്നാലും, ഇപ്പോൾ ഞാൻ സത്യം ചെയ്യുന്നു: എന്തുതന്നെ സംഭവിച്ചാലും, ആദ്യത്തെ വിചാരണയിൽത്തന്നെ ഞാൻ ജുഡീഷ്യൽ നടപടി സ്വീകരിക്കുന്നതാണ്.'

മുഹമ്മദ് ഹുസൈൻ എന്നോട് പറഞ്ഞു: 'ജുഡീഷ്യൽ നടപടി എന്നതിന്റെ അർഥം താങ്കൾക്ക് അറിയില്ല. ഒരു കേസ് ആരംഭിക്കുമ്പോഴോ കേസ് നടന്നുകൊിരിക്കുമ്പോഴോ, ജാമ്യം അനുവദിക്കാതെ പ്രതിയെ എപ്പോൾ വേണമെങ്കിലും അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വെക്കാനുള്ള അധികാരം ഓരോ മജിസ്ട്രേറ്റിനുമുണ്ട്. എന്നതാണ് അതിന്റെ അർഥം.'

ഈ വിവരം അറിയിച്ചശേഷം അദ്ദേഹം പറഞ്ഞു: 'ഡോക്ടർ സാഹിബേ! ഈ വാർത്ത ഞാൻ താങ്കളെ അറിയിച്ചിരിക്കുന്നു. താങ്കൾ എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിക്കണം. എന്റെ അഭിപ്രായത്തിൽ ഇതിനായി രണ്ട് മാർഗങ്ങളുണ്ട്. (അദ്ദേഹം കോടതിയിൽ ജോലി ചെയ്തിരുന്നതിനാൽ നിയമപരമായ അറിവിന്റെ അടിസ്ഥാനത്തിലാണ് ഈ ഉപദേശം നൽകിയത്.) ഒന്നാമത്തെ മാർഗം, ഈ കേസ് ഇവിടെ നിന്ന് ചീഫ് കോടതിയിലേക്ക് മാറ്റാൻ ശ്രമിക്കുക എന്നതാണ്. രണ്ടാമത്തെ മാർഗം, ഏതുവിധേനയും മിർസാ സാഹിബ് ഇനി വിചാരണയ്ക്കായി കോടതിയിൽ ഹാജരാകാതിരിക്കുകയും പകരം ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്യുക എന്നതാണ്.'

അദ്ദേഹം തുടർന്നു വിവരിക്കുന്നു: "ഇതുകേട്ട് ഞങ്ങളും അത്യന്തം ഭയചകിതരായി. ഉടൻതന്നെ ആരെയെങ്കിലും ഖാദിയാനിലേക്ക് അയച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരം അറിയിക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചു. അപ്പോഴേക്കും രാത്രിയായിരുന്നു. യാത്രയ്ക്കായി യാതൊരു വാഹനസൗകര്യവും ഒരുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. അതിനാൽ രണ്ടോ മൂന്നോ പേർ കാൽനടയായി ഖാദിയാനിലേക്ക് പുറപ്പെട്ടു.


പ്രഭാത നമസ്കാരസമയത്താണ് ഖാദിയാനിലെത്തിയത്. ഞാൻ വളരെ ചുരുക്കത്തിൽ വിവരം അറിയിച്ചു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശാന്തനായി ഇപ്രകാരം പറഞ്ഞു:

'ശരി, നമുക്ക് ബട്ടാലയിലേക്ക് പോകാം. ലാഹോറിൽനിന്ന് മടങ്ങിവരുന്ന വഴിയിൽ ഖാജാ സാഹിബും മൗലവി മുഹമ്മദ് അലി സാഹിബും അവിടെവെച്ച് നമ്മളെ കാണും. ഈ വിഷയം അവരോടും പറയാം. കേസ് മാറ്റാനുള്ള ശ്രമത്തിന് എന്തു ഫലമാണുണ്ടായതെന്ന് അവിടെവെച്ച് അന്വേഷിക്കാം.' (കേസ് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ വിവരം അറിയാനായിരുന്നു അവർ അവിടേക്ക് പോയിരുന്നത്.)

അങ്ങനെ, അന്നുതന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ബട്ടാലയിലെത്തി. ലാഹോറിൽനിന്ന് മടങ്ങിവരുകയായിരുന്ന മൗലവി മുഹമ്മദ് അലി സാഹിബും ഖാജാ സാഹിബും അവിടെവെച്ച് ഞങ്ങളെ കുമുട്ടി. കേസ് മാറ്റാനുള്ള ശ്രമം വിജയിച്ചില്ലെന്ന് അവർ അദ്ദേഹത്തെ അറിയിച്ചു.

ഇത് കേട്ടിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരികെ പോയില്ല. മറിച്ച്, അദ്ദേഹം ഗുർദാസ്പൂരിലേക്ക് യാത്ര

• ഹദീഥുന്നബ്വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ

SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

തുടർന്നു. യാത്രാമധ്യേ മജിസ്ട്രേറ്റിൽ നിന്ന് ലഭിച്ച ഈ വാർത്തയെക്കുറിച്ചോ സംഭവത്തെക്കുറിച്ചോ അദ്ദേഹം ഖാജാ സാഹിബിനോടോ മൗലവി സാഹിബിനോടോ ഒന്നും പറഞ്ഞില്ല.

ഗുർദാസ്പൂരിലെ വീട്ടിലെത്തിയപ്പോൾ പതിവുപോലെ അദ്ദേഹം ഒരു പ്രത്യേക മുറിയിൽ ചെന്ന് കട്ടിലിൽ കിടന്നു. എന്നാൽ ആ സമയത്ത് ഞങ്ങൾ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന ആശങ്കയിൽ അതീവ ഉത്കണ്ഠാകുലരായിരുന്നു.

കുറച്ചുസമയത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നെ വിളിച്ചു. ഞാൻ അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ മലർന്നുകിടക്കുന്ന നിലയിലാണ് അദ്ദേഹത്തെ കണ്ടത്. ഇരുകൈകളുടെയും ഉള്ളംഭാഗങ്ങൾ ചേർത്ത് തലയുടെ അടിയിൽ വെച്ചിരിക്കുകയായിരുന്നു. ഞാൻ മുറിയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം ഒരു വശത്തേക്ക് തിരിഞ്ഞുകിടന്നു. കൈമുട്ട് താങ്ങാക്കി കൈപ്പത്തിയിൽ തല വെച്ചുകൊണ്ട് കിടന്ന അദ്ദേഹം എന്നോട് പറഞ്ഞു:

‘മജിസ്ട്രേറ്റ് എന്താണ് പറഞ്ഞത്, സംഭവിച്ച മുഴുവൻ കാര്യങ്ങളും വിശദമായി കേൾക്കാനാണ് ഞാൻ നിന്നെ വിളിച്ചത്.’

ഞാൻ സംഭവിച്ച കാര്യങ്ങളെല്ലാം അദ്ദേഹത്തോട് വിശദീകരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നിശ്ശബ്ദനായി എല്ലാം കേട്ടുകൊണ്ടിരുന്നു. മജിസ്ട്രേറ്റ് പറഞ്ഞ ‘ഇര’ എന്ന വാക്കിലെത്തിയപ്പോൾ, ‘ഈ ഇര നിങ്ങളുടെ കൈകളിലാണുള്ളത്’ എന്ന് മജിസ്ട്രേറ്റ് പറഞ്ഞതായി ഞാൻ വിവരിച്ചു.

ഇത് കേട്ടയുടൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) പെട്ടെന്ന് എഴുന്നേറ്റിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങാൻ തുടങ്ങി. മുഖം ചുവന്നുതുടുത്തു. അദ്ദേഹം പറഞ്ഞു:

‘ഞാനാണോ അവന്റെ ഇര? ഞാനൊരു ഇരയല്ല; ഞാനൊരു സിംഹമാണ്! അല്ലാഹുവിന്റെ സിംഹം! അല്ലാഹുവിന്റെ സിംഹത്തിന്റെ മേൽ കൈവെക്കാൻ അവന് ധൈര്യമുണ്ടോ? അവൻ ഒന്നു ശ്രമിച്ചുനോക്കട്ടെ!’

അദ്ദേഹം ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ ശബ്ദം അത്രത്തോളം ഉയർന്നു; മുറിക്ക് പുറത്തുണ്ടായിരുന്ന എല്ലാവരും അതുകേട്ട് അമ്പരന്ന് മുറിയിലേക്ക് നോക്കി. എന്നാൽ ആരും അകത്തേക്ക് പ്രവേശിച്ചില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ‘അല്ലാഹുവിന്റെ സിംഹം’ എന്ന വാക്കുകൾ പലതവണ ആവർത്തിച്ചു. സാധാരണയായി താഴേക്ക് പതിഞ്ഞതും പാതിയടഞ്ഞതുമായിരുന്ന അദ്ദേഹത്തിന്റെ കണ്ണുകൾ ആ സമയത്ത് പൂർണമായി തുറന്നിരുന്നു. യഥാർത്ഥത്തിൽ ഒരു സിംഹത്തിന്റെ കണ്ണുകൾപോലെ അവ തിളങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ മുഖം അത്രത്തോളം ചുവന്നിരുന്നു; അത് നോക്കിനിൽക്കാൻ പോലും പ്രയാസമായിരുന്നു.

തുടർന്ന് അദ്ദേഹം പറഞ്ഞു: ‘എനിക്ക് എന്തുചെയ്യാൻ കഴിയും? അവന്റെ ദീനിനുവേണ്ടി എന്റെ കൈകളിലും കാലുകളിലും ഇരുമ്പ് അണിയിക്കാൻ (അതായത്, കൈവിലങ്ങുകളും കാലിൽ വിലങ്ങുകളും ധരിക്കാൻ) ഞാൻ തയ്യാറാണെന്ന് ഇതിനകംതന്നെ അല്ലാഹുവിന്റെ സന്നിധിയിൽ എന്നെത്തന്നെ സമർപ്പിച്ചുകഴിഞ്ഞു. എന്നാൽ അവൻ പറയുന്നു: ‘‘അരുത്! നിന്നെ അപമാനിതനാകുന്നതിൽനിന്ന് ഞാൻ രക്ഷിക്കുകയും ആദരവോടെ കുറ്റവിമുക്തനാക്കുകയും ചെയ്യും.’’

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനോടുള്ള സ്നേഹത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ഏകദേശം അരമണിക്കൂറോളം അദ്ദേഹം അത്യന്തം ആവേശത്തോടെയും ആത്മാർഥതയോടെയും സംസാരിച്ചുകൊണ്ടിരുന്നു.

സർവശക്തനായ അല്ലാഹുവിന്റെ വചനങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അദ്ദേഹത്തിന് പൂർണമായ ഉറപ്പും പ്രതീക്ഷയുമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ‘അവൻ എനിക്കെതിരെ എന്തുതന്നെ പറഞ്ഞാലും, ഒരിക്കലും എന്റെ മേൽ കൈവെക്കാൻ അവന് കഴിയുകയില്ല.’’ (സീറത്തുൽ മഹ്ദി, വാല്യം 1, നിവേദനം 107, പേജുകൾ 84-88)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചുകൊണ്ട് വിശ്വാസത്തിന്റെ ശക്തി വളരെ വലുതാണെന്ന് എഴുതുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)യുമായി ബന്ധപ്പെട്ട ഒരു സംഭവമാണിത്. ജയിലുമായി ബന്ധപ്പെട്ട ഈ സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിവരിച്ചിട്ടുണ്ട്. ഈ സംഭവം നടന്ന സദസ്സിൽ താൻ ഉണ്ടായിരുന്നില്ലെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു. താൻ ഗുർദാസ്പൂരിലുണ്ടായിരുന്നെങ്കിലും ആ സദസ്സിൽ പങ്കെടുത്തിരുന്നില്ല. ഒരു സുഹൃത്താണ് അദ്ദേഹത്തോട് ഈ സംഭവം വിവരിച്ചത്.

അദ്ദേഹം ഖാജാ കമാലുദ്ദീനെക്കുറിച്ച് പരാമർശിച്ചു. ഖാജാ കമാലുദ്ദീൻ സാഹിബും മറ്റു അഹ്മദികളും ഒരു പ്രത്യേക മജിസ്ട്രേറ്റിന്റെ മുമ്പാകെയായിരുന്നു കേസ് എന്നതിനാൽ ആശങ്കാകുലരായിരുന്നു. ആര്യ സമാജക്കാർ ആ മജിസ്ട്രേറ്റിന്റെ മേൽ വലിയ സമ്മർദം ചെലുത്തിയിരുന്നു. അവർ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞിരുന്നു: ‘‘മിർസാ സാഹിബ് നമ്മുടെ മതത്തിന് എതിരാണ്. അദ്ദേഹത്തെ ശിക്ഷിക്കുക. അത് നിങ്ങളുടെ ദേശീയ സേവനമായിരിക്കും.’’

ഈ കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) അറിഞ്ഞപ്പോൾ, ആ മജിസ്ട്രേറ്റ് ഇപ്രകാരം പറഞ്ഞതായി അറിയിച്ചിരുന്നു: ‘‘ശരി, ഞാൻ തീർച്ചയായും അദ്ദേഹത്തെ ശിക്ഷിക്കും. ഇപ്പോൾ അദ്ദേഹം എന്റെ കൈകളിലാണ്.’’

ഇത് കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) കൈമുട്ടിൽ ഊന്നി ചാരിയിരുന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: ‘‘ഖാജാ സാഹിബേ, അല്ലാഹുവിന്റെ സിംഹത്തിന്റെ മേൽ ആർക്കെങ്കിലും കൈവെക്കാൻ കഴിയുമോ?’’

തുടർന്ന് അല്ലാഹു തആല ആ മജിസ്ട്രേറ്റിനെ ശിക്ഷിച്ചു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: ആദ്യം സംഭവിച്ചത് ആ മജിസ്ട്രേറ്റിനെ ഗുർദാസ്പൂരിൽനിന്ന് സ്ഥലംമാറ്റി എന്നതാണ്. പിന്നീട് അദ്ദേഹത്തിന്റെ പദവിയും താഴ്ത്തപ്പെട്ടു. അദ്ദേഹത്തിന്റെ സ്ഥാനക്കയറ്റം തടയുക മാത്രമല്ല, താഴ്ന്ന പദവിയിലേക്ക് നിയമിക്കുകയും ചെയ്തു. അദ്ദേഹം അസിസ്റ്റന്റ് കമ്മീഷണറായിരുന്നു - അതായത്, എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ. എന്നാൽ പിന്നീട് അദ്ദേഹത്തെ ഒരു മുൻസിഫ് അഥവാ സാധാരണ മജിസ്ട്രേറ്റായി നിയമിച്ചു. അതിനുശേഷം മറ്റൊരു മജിസ്ട്രേറ്റ് വന്നു. അദ്ദേഹം കേസിൽ വിധി പ്രസ്താവിച്ചു. ആ വിധി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അനുകൂലമായിരുന്നു. (ചില പ്രധാനപ്പെട്ടതും അനിവാര്യവുമായ കാര്യങ്ങൾ, അൻവാറുൽ ഉലൂം, വാല്യം 16, പേജ് 293)

ഇതേ കേസിനെക്കുറിച്ച് ചൗധരി ഗുലാം സർവർ ബജ്വാ സാഹിബ് വിവരിക്കുന്നു: ‘‘കരം ദീനെതിരായ ക്രിമിനൽ കേസ് ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ മേൽ ചുമത്തപ്പെട്ടപ്പോൾ, ഒരു ദിവസം നിരവധി പണ്ഡിതന്മാരും അഭിഭാഷകരും കൂടിയാലോചിച്ചശേഷം, കേസ് മറ്റൊരു കോടതിയിലേക്ക് മാറ്റാനുള്ള ശ്രമം നടത്തണമെന്ന് അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് നിർദേശിച്ചു. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറുപടി നൽകി: ഒരാൾ ലൗകിക മാർഗങ്ങളിൽ മാത്രം പൂർണമായി ആശ്രയിക്കരുത്; മറിച്ച് അല്ലാഹുവിൽ ഭരമേൽപ്പിക്കുകയാണ് വേണ്ടത്.’’ (രിവായാത് അസ്ഹാബെ അഹ്മദ്, വാല്യം 1, പേജ് 85)

കരം ദീൻ കേസിലെ വിധി പ്രസ്താവിക്കുന്ന ദിവസത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽ പുലർത്തിയിരുന്ന അസാധാരണമായ ഭരമേൽപ്പിക്കൽ താഴെ പറയുന്ന വിധത്തിലാണ് പ്രകടമായത്.

ബാബു ഗുലാം മുഹമ്മദ് സാഹിബ് സാനി വിവരിക്കുന്നു: ‘‘ആത്മാറാമിന് മുമ്പ് ചന്ദു ലാലിന്റെ കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു: ‘ഈ മനുഷ്യൻ വളരെ ദുഷ്ബുദ്ധിക്കാരനാണ്. അവന്റെ മനസ്സിലുള്ളത് എന്താണെന്ന് മനസ്സിലാക്കുക അസാധ്യമാണ്. അവൻ എന്റെ മുമ്പിൽ വരുമ്പോൾ കൈകൾ കൂപ്പി വളരെ വിനയത്തോടെ നിൽക്കും. എന്നിട്ട് ഇപ്രകാരം പറയും: ‘‘ഹദ്റത്ത്, എന്റെ സ്ഥാനം അങ്ങയുടെ കാൽക്കൽ വീഴാൻ പോലും അനുവദിക്കുന്നില്ല’’ (അങ്ങനെ പുറമേ വിനയം പ്രകടിപ്പിക്കും). എന്നാൽ ഞങ്ങളെ ദിവസം മുഴുവൻ അവിടെ ഇരുത്തിയശേഷം, ‘‘ദയവായി നാളെ വരിക’’ എന്നു പറയും. എല്ലാ ദിവസവും ഇതുതന്നെയാണ് ചെയ്യുന്നത്. ഇതെല്ലാം ബുദ്ധിമുട്ടിക്കാനുള്ള തന്ത്രങ്ങൾ മാത്രമാണ്. പുറമേ കൈകൾ കൂപ്പി ചില കാര്യങ്ങൾ പറയുകയും, എന്നാൽ പ്രവൃത്തിയിൽ അതിന് തികച്ചും വിരുദ്ധമായ കാര്യങ്ങൾ ചെയ്യുകയുമാണ് അവർ ചെയ്യുന്നത്.’

‘‘എന്തായാലും, ആത്മാറാമിന്റെ കോടതിയിൽ വിധി പ്രസ്താവിക്കേണ്ട സമയം വന്നപ്പോൾ ധാരാളം പോലീസുകാരെ വിളിച്ചുവരുത്തി. വെള്ളം തളിക്കുകയും ചെയ്തു. കോടതിയുടെ പരിസരം മുഴുവൻ പോലീസ് വളഞ്ഞ് കർശനമായ നിയന്ത്രണത്തിലാക്കി.

‘‘ആ സമയത്ത് ഖാജാ കമാലുദ്ദീൻ സാഹിബ് ഈ സാഹചര്യത്തെ വ്യാഖ്യാനിച്ചത് മജിസ്ട്രേറ്റ് ശിക്ഷ വിധിക്കാൻ പോകുന്നു എന്ന നിലയിലായിരുന്നു. ഈ എളിയവനെ അഭിസംബോധന ചെയ്തുകൊണ്ട് ദ്ദേഹം പറഞ്ഞു: ‘എന്റെ സന്ദേശം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിക്കുക: ഈ മനുഷ്യൻ തിന്മ ചെയ്യാൻ ഉറച്ച തീരുമാനമെടുത്തിരിക്കുന്നതായി തോന്നുന്നു. ഹദ്റത്ത് അനുവാദം നൽകുകയാണെങ്കിൽ മൂന്ന് അഭിഭാഷകരെ വിളിക്കണം. ലാഹോറിൽനിന്നുള്ള അഭിഭാഷകൻ മുഹമ്മദ് ഷാ, ഫസൽ ദീൻ സാഹിബ്, പിന്നെ ഞാൻ. ഒരാളെ ഡിവിഷണൽ കോടതിയിലേക്കും മറ്റൊരാളെ ഇപ്പോൾ പര്യടനത്തിലുള്ള ഗവർണറുടെ അടുക്കലേക്കും അയക്കാം. ഞാൻ ഇവിടെത്തന്നെ തുടരാം.’

‘‘ഞാൻ ചെന്ന് ഈ സന്ദേശം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചു. മജിസ്ട്രേറ്റ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുമെന്നതിനാൽ അദ്ദേഹം കോടതിയിൽ പോകാതിരിക്കണമെന്നതുൾപ്പെടെയുള്ള ആ നിർദേശത്തിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു:

‘അയാൾ ഒരു കശ്മീരിയല്ലേ? അയാൾക്ക് ധൈര്യം നഷ്ടപ്പെട്ടിരിക്കുകയാണ്.’

‘‘തുടർന്ന് അദ്ദേഹം പറഞ്ഞു: ‘പോയി അവരോട് പറയുക: ഇന്നുവരെ നിങ്ങളുടെ നിയമോപദേശങ്ങൾക്കനുസരിച്ചാണ് ഞങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്. നിങ്ങൾ നൽകിയ എല്ലാ നിയമോപദേശങ്ങളും ഞാൻ അനുസരിച്ചിട്ടുണ്ട്. എന്നാൽ ഇനി ഈ കാര്യം അല്ലാഹുവിന് വിട്ടുകൊടുക്കുക. എന്റെ ഭരമേൽപ്പിക്കൽ അല്ലാഹുവിലാണ്; നിങ്ങളിലല്ല.’

‘‘ഞാൻ പോയി ഈ സന്ദേശം അതേപടി അറിയിച്ചപ്പോൾ ഖാജാ സാഹിബിന് അതിൽ വലിയ നീരസമുണ്ടായി. അദ്ദേഹം തലകുനിച്ച് അവിടെത്തന്നെ നിന്നു.’’ (രിവായാത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 235)

തന്റെ യജമാനനായ തിരുനബി(സ)യുടെ മാതൃക പിന്തുടർന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലുടനീളം എല്ലായിടത്തും പ്രകടമായി കാണുന്ന അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്നതിന്റെ അത്യുന്നതമായ അവസ്ഥയാണിത്.

അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെ ഏറ്റവും ഉന്നതമായ നിലവാരങ്ങൾ കൈവരിക്കാൻ നമ്മെയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

THE REVIEW OF RELIGIONS
www.reviewofreligions.org

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂ സ്വബാഹ്

അധ്യായം : 2

അറേബ്യയും അറബികളും

ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പുള്ള അറേബ്യൻ നാഗരികത

ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പ്, ഏതാനും തീരപ്രദേശങ്ങളൊഴികെ അറേബ്യൻ രാജ്യം പുറംലോകവുമായി പൂർണമായും ഒറ്റപ്പെട്ട അവസ്ഥയിലായിരുന്നു. പുറംരാജ്യങ്ങളോ ഭരണകൂടങ്ങളോ ഒരിക്കലും അവിടെ തങ്ങളുടെ സ്വാധീനം ചെലുത്തിയിരുന്നില്ല. അതുപോലെ, അറേബ്യയിലെ ജനങ്ങൾ തങ്ങളുടെ മാതൃഭൂമി സ്ഥിരമായി ഉപേക്ഷിച്ച് മറ്റിടങ്ങളിലേക്ക് താമസം മാറുകയും ചെയ്തിരുന്നില്ല.

ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പ് അറേബ്യയിൽ പരിഷ്കൃതമായതോ കേന്ദ്രീകൃതമായതോ ആയ ഒരു ഭരണകൂടം ഒരിക്കലും സ്ഥാപിതമായിരുന്നില്ല. ചില സന്ദർഭങ്ങളിൽ വിവിധ പ്രദേശങ്ങളിൽ ഭരണകൂടങ്ങൾ രൂപംകൊണ്ടിരുന്നുവെങ്കിലും അവയുടെ അധികാരപരിധി പ്രാദേശിക തലത്തിൽ മാത്രമായി പരിമിതപ്പെട്ടിരുന്നു. രാജ്യം ഒരിക്കലും ഒരു ഭരണാധികാരിയുടെ കീഴിൽ ഏകീകരിക്കപ്പെട്ടിരുന്നില്ല. മറിച്ച്, ഓരോ ഗോത്രവും സ്വതന്ത്രമായിരുന്നു; ഓരോ ഗോത്രത്തിനും അതിന്റേതായ ഒരു തലവനുമുണ്ടായിരുന്നു.

എന്നാൽ അറേബ്യയിൽ ഒരാൾക്കും പാരമ്പര്യാവകാശത്തിന്റെ അടിസ്ഥാനത്തിൽ യഥാർഥത്തിൽ ഗോത്രനേതൃത്വം ലഭിച്ചിരുന്നില്ല. അതുപോലെ, നേതൃത്വത്തിന് സുസ്ഥിരമായ ഒരു ഭരണസംവിധാനത്തിന്റെ രൂപവുമുണ്ടായിരുന്നില്ല. മിക്കപ്പോഴും, സ്വന്തം ഗോത്രത്തിൽ ഏറ്റവും കൂടുതൽ കഴിവും പ്രാപ്തിയുമുള്ള വ്യക്തിയെയാണ് നേതാവായി അംഗീകരിച്ചിരുന്നത്. ഗോത്രത്തിലെ മറ്റുള്ളവർ അദ്ദേഹത്തിന്റെ നിർദേശങ്ങൾ അനുസരിക്കുകയും ചെയ്തിരുന്നു.

ജീവിതരീതിയുടെ കാര്യത്തിൽ അറബികളുടെ ഭക്ഷണശീലം, വസ്ത്രധാരണം, ജീവിതക്രമം എന്നിവ വളരെ ലളിതവും പ്രാകൃതവുമായിരുന്നു. ഒട്ടകങ്ങളുടെയും ആടുകളുടെയും പാലും ഈത്തപ്പഴവുമായിരുന്നു അറബികളുടെ പ്രധാന ഭക്ഷണം. സാധാരണയായി ബാർലിയും ഭക്ഷണത്തിനായി ഉപയോഗിച്ചിരുന്നു. സമ്പന്നർ മാംസവും കഴിച്ചിരുന്നു. ഒട്ടകത്തിന്റെയും ആടിന്റെയും ചുട്ടെടുത്ത മാംസം അവർക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. സൂപ്പിൽ മുക്കിയെടുത്ത് കഴിക്കുന്ന റൊട്ടി ഉയർന്ന നിലവാരമുള്ള ഭക്ഷണമായാണ് കണക്കാക്കപ്പെട്ടിരുന്നത്. അറബികൾ ഇതിനെ ഥരീദ് (Tharīd) എന്നാണ് വിളിച്ചിരുന്നത്.

അവരുടെ വസ്ത്രധാരണത്തിലും ഇതേലാളിത്യവും ദാരിദ്ര്യവും പ്രകടമായിരുന്നു. സാധാരണക്കാരിൽ മിക്കവർക്കും അരയിൽ ചുറ്റിക്കെട്ടുന്ന ഒരു ഒറ്റത്തുണി മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുപ്പായങ്ങൾ ധരിച്ചിരുന്നത് ഉയർന്ന വിഭാഗത്തിൽപ്പെട്ടവർ മാത്രമായിരുന്നു. മേലങ്കിയാകട്ടെ വിലപിടിപ്പുള്ള ഒരു വസ്തുവിനെപ്പോലെയായിരുന്നു കണക്കാക്കപ്പെട്ടിരുന്നത്.

മിക്ക വീടുകളിലും പരവതാനികളോ കട്ടിലുകളോ ഉണ്ടായിരുന്നില്ല. സാധാരണയായി ഈത്തപ്പനയോലകൾകൊണ്ട് നിർമ്മിച്ച പായകളിലായിരുന്നു ആളുകൾ ഉറങ്ങിയിരുന്നത്. എന്നാൽ സമ്പന്നർ തടികൊണ്ടുള്ള കട്ടിലുകൾ ഉപയോഗിച്ചിരുന്നു. പുതയ്ക്കുന്നതിനായി ഒട്ടകത്തിന്റെ രോമംകൊണ്ട് നിർമ്മിച്ച, ക്രമരഹിതമായ ആകൃതിയിലുള്ള പുതപ്പുകളാണ് ഉപയോഗിച്ചിരുന്നത്.

സുസജ്ജമായ വീടുകൾ വളരെ കുറവായിരുന്നു. സാധാരണയായി കൂടാരങ്ങളും വിവിധ വസ്തുക്കളുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച കുടിലുകളും മൺവീടുകളുമായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. എന്നിരുന്നാലും, കല്ലുകൊണ്ട് നിർമ്മിച്ച വ്യത്യസ്തമായ ചില കെട്ടിടങ്ങളും ഉപയോഗത്തിലുണ്ടായിരുന്നു.

ജനവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ അറേബ്യയുടെ വിഭജനം

ജനവിഭാഗങ്ങളുടെ വാസസ്ഥലങ്ങളുമായി ബന്ധപ്പെട്ട് അറേബ്യയെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരുന്നു: അൽഹളർ (Al-Ḥaḍr), അൽബദ്വ് (Al-Badw). അതായത്, പട്ടണങ്ങളിലും നഗരങ്ങളിലും താമസിക്കുന്നവരും മരുഭൂമികളിലും വിജനപ്രദേശങ്ങളിലും താമസിക്കുന്നവരും എന്നിങ്ങനെയായിരുന്നു ഈ വിഭജനം.

നഗരവാസികൾ ഒരേ പ്രദേശത്ത് സ്ഥിരമായി താമസിച്ചിരുന്നതിനാൽ അവർക്ക് സവിശേഷമായ ഒരു നാഗരികതയും സാമൂഹിക ഘടനയുമുണ്ടായിരുന്നു. എന്നാൽ ബദവികളുടെ ജീവിതരീതി അപരിഷ്കൃതവും നാടോടി സ്വഭാവമുള്ളതുമായിരുന്നു. അവർ കൂടാരങ്ങളിലും താൽക്കാലിക വാസസ്ഥലങ്ങളിലുമാണ് താമസിച്ചിരുന്നത്. കുടുംബത്തോടും കന്നുകാലികളോടും കൂടെ വിശാലമായ പ്രദേശങ്ങളിൽ സ്വതന്ത്രമായി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുകയും ചെയ്തിരുന്നു. വെള്ളം ലഭിക്കുന്ന സ്ഥലങ്ങളിൽ അവർ തമ്പടിക്കുകയും പിന്നീട് മറ്റൊരു ദിശയിലേക്ക് യാത്ര തുടരുകയും ചെയ്യും. ഇപ്രകാരമായിരുന്നു അവരുടെ ജീവിതം മുഴുവൻ കടന്നുപോയിരുന്നത്.

പ്രാചീന അറബി കവികൾ തങ്ങളുടെ കവിതകളിൽ ഈ ജീവിത രീതിയുടെ മനോഹരമായ ചിത്രങ്ങൾ വരച്ചുകാട്ടിയിട്ടുണ്ട്. നഗരവാസികളുടെ ഭാഷാഭേദത്തേക്കാൾ കൂടുതൽ ശുദ്ധവും വാക്ചാതുര്യം നിറഞ്ഞതുമായിരുന്നു അവരുടെ ഭാഷാഭേദം. മാത്രമല്ല, അറേബ്യൻ പ്രകൃതിയുടെയും സ്വഭാവ സവിശേഷതകളുടെയും യഥാർഥ രൂപം ഈ ജനവിഭാഗങ്ങളിൽ വ്യക്തമായി കാണാൻ കഴിയും. ഇവരുടെ പ്രധാന തൊഴിൽ ആട്ടിടയന്മാരുടേതായി കണക്കാക്കാവുന്നതാണ്.

അറബികൾക്കിടയിൽ വിവിധ ഇടപാടുകൾക്ക് പൊതുവെ വസ്തുവിനിമയ സമ്പ്രദായം (Barter System) ആയിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ക്രമരഹിതമായ ആകൃതിയിലുള്ള സ്വർണനാണയങ്ങളും വെള്ളിനാണയങ്ങളും ഉപയോഗത്തിലുണ്ടായിരുന്നു. അക്കാലത്ത് രണ്ട് തരത്തിലുള്ള വെള്ളിനാണയങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു: ദിർഹം (Dirham), ഔഖിയ്യ (Awqiyah) എന്നിവ. ഒരു ഔഖിയ്യയ്ക്ക് 40 ദിർഹത്തിന് തുല്യമായ മൂല്യമുണ്ടായിരുന്നു. സ്വർണനാണയമായി സാധാരണയായി ദീനാർ (Dīnār) ആണ് ഉപയോഗിച്ചിരുന്നത്.

തുലാസുപയോഗിച്ച് തൂക്കിനോക്കുന്ന രീതി വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്നില്ല. പകരം, അളന്നുനോക്കുന്ന രീതിയായിരുന്നു പൊതുവെ നിലനിന്നിരുന്നത്. അതിനാൽ അറബികൾക്കിടയിൽ പ്രസിദ്ധമായിരുന്ന രണ്ട് അളവുകോലുകൾ മുദ്ദ് (Mudd), സ്വാഅ് (Ṣā) എന്നിവയായിരുന്നു. നീളം അളക്കുന്നതിനായി ദിറാഅ് (Dhirā‘) അഥവാ കൈമുട്ടുമുതൽ വിരൽത്തുമ്പുവരെയുള്ള കൈയുടെ നീളം ഉപയോഗിച്ചിരുന്നു. ഇത് ഏകദേശം ഒന്നര അടി (1.5 feet) വരുമായിരുന്നു.

അറബികൾക്കിടയിൽ ചേലാകർമം (Circumcision) ഒരു ആചാരമായിരുന്നു. ചില സന്ദർഭങ്ങളിൽ സ്ത്രീകളിലും ഈ ആചാരം നിലനിന്നിരുന്നു. മരിച്ചവരെ കുളിപ്പിച്ച് വെള്ളക്കഫനിൽ പൊതിഞ്ഞ് മറവുചെയ്യുന്നതും പതിവായിരുന്നു. അറബികൾ സാധാരണയായി താടി വളർത്തുകയും മീശ വെട്ടി ഒതുക്കുകയും ചെയ്തിരുന്നു. കൂടാതെ, പലിശ വാങ്ങുന്നതും കൊടുക്കുന്നതും ഏറെക്കുറെ ഒരു സാധാരണ സമ്പ്രദായമായി നിലനിന്നിരുന്നു.

അറേബ്യയിലെ വ്യാപാരവും വാണിജ്യവും

അറബികളുടെ പ്രധാന തൊഴിൽ മേഖലകൾ മൂന്നെണ്ണം മാത്രമായിരുന്നു. ഒന്നാമത്തേത് കൃഷി; എന്നാൽ അത് രാജ്യത്തിന്റെ വളരെ ചെറിയൊരു ഭാഗത്ത് മാത്രമായി പരിമിതപ്പെട്ടിരുന്നു. രണ്ടാമത്തേത് കന്നുകാലികളെ വളർത്തുകയും പരിപാലിക്കുകയും ചെയ്യുക എന്നതായിരുന്നു. ഇത് പൊതുവെ മേച്ചിൽവൃത്തിയായി അറിയപ്പെടുന്നു. മൂന്നാമത്തേത് വ്യാപാരവും വാണിജ്യവുമായിരുന്നു. അറേബ്യയിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയായി ഇതിനെ കണക്കാക്കാം.

അനാദികാലം മുതൽ അറേബ്യക്കാർ വ്യാപാരരംഗത്ത് പ്രാവീണ്യം നേടിയവരായിരുന്നു. തീരപ്രദേശങ്ങളിൽ താമസിച്ചിരുന്നവരും പരിഷ്കൃത രാജ്യങ്ങളുടെ സമീപപ്രദേശങ്ങളിൽ വസിച്ചിരുന്നവരുമായ ഗോത്രങ്ങൾ പുരാതനകാലം മുതൽ തന്നെ വ്യാപാരത്തിൽ സജീവമായി ഏർപ്പെട്ടിരുന്നു. ആദ്യകാലങ്ങളിൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ചരക്കുകളുടെ ഇറക്കുമതിയും കയറ്റുമതിയും പ്രധാനമായും നിർവഹിച്ചിരുന്നത് അറബികളായിരുന്നു. അതിനാൽ അവരുടെ വ്യാപാരസംഘങ്ങൾ ഒരു വശത്ത് സിറിയയ്ക്കും ഈജിപ്തിനുമിടയിലും മറുവശത്ത് ഇന്ത്യൻ മഹാസമുദ്രത്തിന്റെ തീരപ്രദേശങ്ങളിലൂടെയും പതിവായി സഞ്ചരിച്ചിരുന്നു. ഈ നിരന്തരമായ യാത്രകൾ സിറിയ, ഈജിപ്ത്, ഇന്ത്യ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു വ്യാപാരശൃംഖലയായി പ്രവർത്തിച്ചു.

• ഹദീഥുന്നബ്വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-11
Issue:46

POSTAL REG NO GDP-44/2026-28 **Thursday 12 November 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം. എ(റ)

സീറത്തുൽ മഹ്ദി(അ)

വിവ: എ. നാസിർ

വസ്ത്രധാരണം

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിച്ചു: ആദ്യകാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഗരാര ധരിക്കാറുണ്ടായിരുന്നു. പിന്നീട് ഞാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് അദ്ദേഹം അത് ഉപേക്ഷിച്ചു. അതിനുശേഷം സാധാരണ പൈജാമയാണ് ധരിച്ചിരുന്നത്.

നിവേദകൻ രേഖപ്പെടുത്തുന്നു: വളരെ വിശാലമായ പൈഞ്ചയുള്ള പൈജാമയെയാണ് 'ഗരാര' എന്ന് വിളിച്ചിരുന്നത്. മുമ്പ് ഇന്ത്യയിൽ ഇതിന് വലിയ പ്രചാരമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ ഉപയോഗം വളരെ കുറഞ്ഞിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം സാധാരണയായി വെളുത്ത മസ് ലിൻ തുണികൊണ്ടുള്ള പഗഡി (തലപ്പാവ്) ധരിക്കാറുണ്ടായിരുന്നു. സാധാരണയായി അതിന് ഏകദേശം പത്ത് മുഴം നീളമുണ്ടായിരുന്നു. പഗഡിയുടെ അടിയിൽ, തൊപ്പിക്ക് പകരമായി, മൃദുവായ തരത്തിലുള്ള റൂമി തൊപ്പി ധരിക്കാറുണ്ടായിരുന്നു. വീട്ടിലായിരിക്കുമ്പോൾ ചിലപ്പോൾ പഗഡി അഴിച്ചുമാറ്റി, തലയിൽ തൊപ്പി മാത്രം ധരിച്ചിരിക്കും. വേനൽക്കാലത്ത് സാധാരണയായി മസ്ലിൻ തുണികൊണ്ടുള്ള കുർത്ത ധരിക്കുമായിരുന്നു. അതിന് മുകളിൽ ചൂടുള്ള വാസ്കോട്ടും ചൂടുള്ള കോട്ടും ധരിക്കും. പൈജാമയും ചൂടുള്ള തുണികൊണ്ടുള്ളതായിരുന്നു. അതുപോലെ സാധാരണയായി അദ്ദേഹം സോക്സും ധരിക്കുമായിരുന്നു. ശൈത്യകാലത്ത് രണ്ടുജോഡി സോക്സ് ഒന്നിന് മുകളിൽ മറ്റൊന്ന് ധരിക്കാറുണ്ടായിരുന്നു. കാലിൽ എപ്പോഴും പഞ്ചാബീ ചെരുപ്പ് തന്നെയായിരുന്നു ധരിച്ചിരുന്നത്.

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് മറ്റൊരു കാര്യം കൂടി വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് രോഗബാധിതമായ അവസ്ഥകൾ ആരംഭിച്ചതുമുതൽ, ശൈത്യകാലമോ വേനൽക്കാലമോ എന്ന വ്യത്യാസമില്ലാതെ ചൂടുള്ള തുണികൊണ്ടുള്ള വസ്ത്രങ്ങൾ ധരിക്കാൻ അദ്ദേഹം ആരംഭിച്ചു. ഈ വസ്ത്രങ്ങൾ ധരിക്കുമ്പോൾ അദ്ദേഹത്തിന് ചൂട് അനുഭവപ്പെടുകയും ചിലപ്പോൾ അസ്വസ്ഥത ഉണ്ടാകുകയും ചെയ്തിരുന്നു. എന്നാൽ അത് ആരംഭിച്ചതിനു ശേഷം, അവസാനംവരെ അദ്ദേഹം അതേ രീതിയിലുള്ള വസ്ത്രങ്ങൾ തന്നെ ഉപയോഗിച്ചു.

ശൈഖ് റഹ്മത്തുല്ലാഹ് സാഹിബ് ഗുജറാത്തിൽ നിന്ന് ലാഹോറിലേക്ക് മാറി അഹ്മദിയായതുമുതൽ, ഹദ്റത്ത് സാഹിബിനായി പതിവായി വസ്ത്രങ്ങൾ തയാറാക്കി കൊണ്ടുവരാറുണ്ടായിരുന്നു. ഹദ്റത്ത് സാഹിബിന്റെ ശീലം, ആരെങ്കിലും എന്തുതരം വസ്ത്രം കൊണ്ടുവന്നാലും അത് ധരിക്കുക എന്നതായിരുന്നു. ഒരിക്കൽ ഒരാൾ അദ്ദേഹത്തിനായി ഗർഗാബി എന്ന ഒരു തരം ചെരുപ്പ് കൊണ്ടുവന്നു. ഹദ്റത്ത് സാഹിബ് അത് ധരിച്ചു. എന്നാൽ അതിന്റെ വലതും ഇടതും കാലുകൾ തിരിച്ചറിയാൻ അദ്ദേഹത്തിന് ബുദ്ധിമുട്ടായിരുന്നു. പലപ്പോഴും അത് മറിച്ചിട്ട് ധരിക്കുകയും അതുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്തു. ചിലപ്പോൾ കാലിൽ ചെരുപ്പ് തെറ്റായി ധരിച്ചുപോയാൽ അസ്വസ്ഥനായി അദ്ദേഹം പറയുമായിരുന്നു: "ഇവരുടെ ഒന്നും നല്ലതല്ല."

അമ്മാജാൻ സാഹിബ പറഞ്ഞു: "അദ്ദേഹത്തിന് സൗകര്യമാകുന്നതിനായി വലതും ഇടതും കാലുകൾ തിരിച്ചറിയാൻ ഞാൻ അതിൽ അടയാളങ്ങൾ ഇട്ടിരുന്നു. എന്നിട്ടും അദ്ദേഹം ചിലപ്പോൾ അത് തെറ്റായി ധരിക്കുമായിരുന്നു. അതിനാൽ അവസാനം അദ്ദേഹം അത് ധരിക്കുന്നത് നിർത്തി."

അമ്മാജാൻ സാഹിബ പറഞ്ഞു: ഹദ്റത്ത് സാഹിബ് ചില അവസരങ്ങളിൽ ഇംഗ്ലീഷ് മാതൃകയിലുള്ള ഷർട്ടിന്റെ കൈകളിലെ കഫുകളെക്കുറിച്ചും ഇതുപോലുള്ള അസംതൃപ്തി പ്രകടിപ്പിച്ചിരുന്നു.

നിവേദകൻ രേഖപ്പെടുത്തുന്നു: ശൈഖ് റഹ്മത്തുല്ലാഹ് സാഹിബ് ഹദ്റത്ത് സാഹിബിനായി ഇംഗ്ലീഷ് മാതൃകയിലുള്ള ഷർട്ടുകൾ തയാറാക്കി കൊണ്ടുവരാറുണ്ടായിരുന്നു. അദ്ദേഹം അവ ഉപയോഗിച്ചിരുന്നെങ്കിലും, അതിന്റെ കഫുകൾ ഇഷ്ടപ്പെട്ടിരുന്നില്ല. ഒന്നാമതായി, കഫിലെ ബട്ടണുകൾ ഇടുന്നത് അദ്ദേഹത്തിന് ബുദ്ധിമുട്ടായിരുന്നു. രണ്ടാമതായി, ബട്ടണുകൾ അഴിക്കുന്നതും വീണ്ടും ഇടുന്നതും അദ്ദേഹത്തിന് അസൗകര്യമായിരുന്നു. "ഇത് എന്താണ് ചെവിയിൽ തൂങ്ങിക്കിടക്കുന്നതപോലെ?" എന്ന് ചിലപ്പോൾ തമാശയായി അദ്ദേഹം പറയുമായിരുന്നു

നിവേദകൻ രേഖപ്പെടുത്തുന്നു: എന്തുതരം തുണി ലഭിച്ചാലും അത് ധരിക്കുക എന്നാതായിരുന്നു വസ്ത്രധാരണത്തിന്റെ കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ പൊതുവായ രീതി എന്നാൽ പൊതുവെ ഇംഗ്ലീഷ് രീതിയിലുള്ള വസ്ത്രധാരണം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒന്നാമതായി, അത്തരം വസ്ത്രങ്ങൾ തന്റെ ലാളിത്യത്തിന് വിരുദ്ധമാണെന്ന് അദ്ദേഹം കരുതിയിരുന്നു. രണ്ടാമതായി, ഇറുകിയ തരത്തിലുള്ള വസ്ത്രങ്ങൾ അദ്ദേഹത്തിന് വളരെ അസ്വസ്ഥത ഉണ്ടാക്കുമായിരുന്നു. വീട്ടിൽ അദ്ദേഹത്തിനായി സാധാരണയായി മസ്ലിൻൽ കുർത്തകളും പഗഡികളും* മാത്രമാണ് തയാറാക്കാറുണ്ടായിരുന്നത്. ബാക്കിയുള്ള വസ്ത്രങ്ങൾ പൊതുവെ ആളുകൾ ഹദിയയായി അദ്ദേഹത്തിന് കൊണ്ടുവന്നവയായിരുന്നു. ഈ സേവനത്തിൽ ശൈഖ് റഹ്മത്തുല്ലാഹ് സാഹിബ് ലാഹോരിക്ക് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ചിലപ്പോൾ അരപ്പട്ടയും ധരിക്കാറുണ്ടായിരുന്നു. വീട്ടിൽനിന്ന് പുറത്തേക്ക് പോകുമ്പോഴെല്ലാം അദ്ദേഹം നിർബന്ധമായും കോട്ട് ധരിച്ചിരിക്കും. അതുപോലെ, കൈയിൽ ഊന്നുവടി കരുതുന്നതും അദ്ദേഹത്തിന്റെ സുന്നത്തായിരുന്നു.

അമ്മാജാൻ സാഹിബ വിവരിക്കുന്നു: "എല്ലാ വർഷവും ഹദ്റത്ത് സാഹിബിനായി ഞാൻ അരറോൾ തുണി ഉപയോഗിച്ച് കുർത്തകൾ തയാറാക്കാറുണ്ടായിരുന്നു. എന്നാൽ അദ്ദേഹം വഫാത്തായ വർഷം ഞാൻ ഒരു മുഴുവൻ റോൾതുണി ഉപയോഗിച്ച് കുർത്തകൾ തയാറാക്കി." ഹദ്റത്ത് സാഹിബ് എന്നോട് ചോദിക്കുകയും ചെയ്തു: "ഇത്രയധികം കുർത്തകൾ എന്തിനാണ്?" എന്നാൽ ഞാൻ അവയെല്ലാം തയാറാക്കി. അവയിൽ പല കുർത്തകളും ഇതുവരെ ധരിക്കാതെ എന്റെ കൈവശം സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

സുഗന്ധദ്രവ്യം

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വെള്ളിയാഴ്ച ദിവസങ്ങളിൽ സുഗന്ധദ്രവ്യം പുരട്ടുകയും വസ്ത്രം മാറ്റി ധരിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഹൃദയസ്പർശിയായ ഖിറാഅത്ത്

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ചിലപ്പോൾ വീട്ടിൽ വെച്ച് മഗ്രിബ് നമസ്കാരം നിർവഹിക്കുമ്പോൾ, പലപ്പോഴും സൂറത്ത് യൂസുഫിലെ ഈ വചനമുള്ള ആയത്തുകൾ പാരായണം ചെയ്യുമായിരുന്നു:

إِنَّمَا أَشْكُوا بَثِّي وَحُزْنِي إِلَى اللَّهِ "എന്റെ ദു:ഖവും വ്യസനവും ഞാൻ അല്ലാഹുവിനോടുമാത്രമാണ് പരാതിപ്പെടുന്നത്." (യൂസുഫ്: 87)

നിവേദകൻ രേഖപ്പെടുത്തുന്നു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ശബ്ദത്തിൽ അഗാധമായ വികാരവും വേദനയും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഖിറാഅത്ത് ഹൃദയസ്പർശിയായ തരംഗ ഭാവമുള്ളതായിരുന്നു.

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇഅ്തികാഫിൽ ഇരിക്കുന്നതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. മിയാൻ അബ്ദുല്ലാഹ് സാഹിബ് സനൗറിയും ഇതേ കാര്യമാണ് എന്നോട് വിവരിച്ചിട്ടുള്ളത്.

131 ാമത് ജൽസ സാലാന ഖാദിയാൻ

2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികൾ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin